

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
ജൂലൈ
Volume VI Issue 70

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


## ആദ്യ വനിത പ്രസിഡന്റായി ഹില്ലരി ക്ലിന്റൺ തെരഞ്ഞെടുക്കപ്പെടുമെന്ന് സർവേ ഫലം

**പി.പി. ചെറിയാൻ**



*വാഷിംഗ്ടൺ:* അമേരിക്കയുടെ ആദ്യ വനിത പ്രസിഡന്റായി ഹില്ലരി ക്ലിന്റൺ തെരഞ്ഞെടുക്കപ്പെടുമെന്ന് തെരഞ്ഞെടുപ്പു സർവേ ഫലം സൂചന നൽകുന്നു.

ഹില്ലരിയുടെ പ്രസിഡന്റ് സ്ഥാനാർഥിത്വം പ്രഖ്യാപിച്ചതിനുശേഷം ജൂൺ ആദ്യവാരം വാൾസ്ട്രീറ്റ് എൻബിസി ന്യൂസ് നടത്തിയ തെരഞ്ഞെടുപ്പ് സർവേയുടെ ഫലമാണ് പുറത്തു വന്നിരിക്കുന്നത്. ഡമോക്രാറ്റിക് പാർട്ടിയുടെ രജിസ്റ്റർ ചെയ്ത അംഗങ്ങളിൽ 75 ശതമാനവും ഹില്ലരിയെ പിന്തുണച്ചപ്പോൾ മറ്റൊരു സ്ഥാനാർഥിയായ ബെർണി സാന്റേഴ്സിനെ പിന്തുണച്ചത് 15 ശതമാനമാണ്.

ഡെമോക്രാറ്റിക് പാർട്ടിയുടെ മറ്റു സ്ഥാനാർഥികളും മത്സര രംഗത്തുണ്ടെങ്കിലും പ്രസിഡന്റ് ഒബാമ ഉൾപ്പെടെ ഭൂരിപക്ഷം പാർട്ടി നേതാക്കളും ഹില്ലരിയെയാണ് പിന്തുണക്കുന്നത്. പാർട്ടിയുടെ ശക്തയായ സ്ഥാനാർഥിയായ ഹില്ലരി അമേരിക്കയുടെ ആദ്യ വനിതാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുമെന്നാണ് നേതാക്കളുടെയും ശുഭാപ്തി വിശ്വാസവും.

ഡമോക്രാറ്റിക്ക് പാർട്ടി സ്ഥാനാർഥി ഹില്ലരിയെ എതിർക്കുന്നതിന് റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥി ജെബ് ബുഷിനാണ് മുൻ തൂക്കം. മുൻ പ്രസിഡന്റുമാരായ ജോർജ് എച്ച്. ഡബ്ല്യു ബുഷിന്റെ മകനും ജോർജ് ഡബ്ല്യു ബുഷിന്റെ സഹോദരനുമെന്ന ആനുകൂല്യം ഫ്ലോറിഡ മുൻ ഗവർണറായ ജെബ് ബുഷിന് ലഭിക്കുന്നുണ്ട്. ഇന്ത്യൻ സമൂഹവുമായി അടുത്ത ബന്ധം പുലർത്തുന്ന ഹില്ലരി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുമെന്നാണ് പ്രവാസി നേതാക്കളുടേയും വിലയിരുത്തൽ.

## ഇന്തോനേഷ്യയിൽ സൈനിക വിമാനം തകർന്ന് 113 മരണം



*മേദൻ:* ഇന്തോനേഷ്യയിലെ വടക്കൻ സുമാത്ര ദ്വീപിലെ മേദനിൽ സൈനിക വിമാനം തകർന്നുവീണ് 113 പേർ മരിച്ചു.

12 ജീവനക്കാരും 101 യാത്രക്കാരുമായി പറന്ന സി-130 ഹെർകുലീസ് വിമാനം മേദനിലെ ഒഴിഞ്ഞ കെട്ടിടത്തിൽ ഇടിച്ചു കത്തിയമരുകയായിരുന്നു. സൈനികരേയും കുടുംബാംഗങ്ങളെയും വഹിച്ച് പറക്കാനുള്ള പ്രതിദിന വിമാനമായിരുന്നു ഇത്. വിമനം പറന്നുയർന്ന് രണ്ടു മിനിറ്റിനുള്ളിൽ വിമാനത്തിന് തകരാറുണ്ടായി എന്നു മനസ്സിലാക്കി പൈലറ്റ് വിമാനം തിരിച്ചിറക്കാൻ ശ്രമിക്കവേയാണ് ചൊവ്വാഴ്ച അപകടമുണ്ടായത്. വിമാനം അഞ്ചു കിലോമീറ്റർ മാത്രമാണ് പറന്നതെന്ന് സൈനികവൃത്തം പറഞ്ഞു.

ജനനിബിഡമായ പ്രദേശത്താണ് അപകടം നടന്നത് എന്നതിനാൽ മരണസംഖ്യ കൂടാൻ സാധ്യതയുണ്ട്. ചൊവ്വാഴ്ച രാത്രിയിൽ തന്നെ 49 മൃതശരീരങ്ങൾ കണ്ടെടുത്തു. കെട്ടിടത്തിനു സമീപത്തുണ്ടായിരുന്ന 3 പേർ മരിച്ചതായി റിപ്പോർട്ടുണ്ടെങ്കിലും സ്ഥിരീകരിച്ചിട്ടില്ല.

## അഫ്ഗാൻ സുപ്രീം കോടതിക്ക് ആദ്യമായി വനിതാ ജഡ്ജി

*കാബൂൾ:* അഫ്ഗാൻ സുപ്രീം കോടതിക്ക് ആദ്യമായി വനിതാ ജഡ്ജിയായി അനിസ റസൂലിനെ നാമ നിർദ്ദേശം ചെയ്തു.

പ്രസിഡന്റ് അശ്റഫ് ഗനിയാണ് വുമൺ ജഡ്ജസ് അസോസിയേഷൻ നേതാവും ജുവനൈൽ കോടതി മുൻ ജഡ്ജിയുമായ അനിസയെ സുപ്രീം കോടതിക്ക് നാമനിർദ്ദേശം ചെയ്തത്.

മൗലികവാദികളുടെ എതിർപ്പിനെ മറികടന്നുകൊണ്ടുള്ള നിർദ്ദേശമാണിത്. പാർലമെന്റിന്റെ അനുമതി കൂടി ലഭിച്ചെങ്കിലെ അനിസ പ്രഥമ ജഡ്ജിയാകുകയുള്ളൂ.

## സൗദിയിൽനിന്നും നാടുകടത്തിയത് 4 ലക്ഷം പ്രവാസികളെ

*റിയാദ്:* സൗദിയിൽ തൊഴിൽ, ഇഖാമ നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ 447382 വിദേശികളെ നാടുകടത്തിയതായി റിപ്പോർട്ട്.

ആഭ്യന്തരവകുപ്പ് പുറത്തുവിട്ട ഔദ്യോഗിക കുറിപ്പിലാണ് ഇക്കാര്യം വെളിപ്പെടുത്തിയിട്ടുള്ളത്.

2014 ഒക്ടോബർ 26 മുതൽ 2015 ജൂൺ 22 വരെ വിവിധ ശിക്ഷണനടപടികൾ കൈക്കൊണ്ടശേഷം നാടുകടത്തിയവരുടെ മൊത്ത കണക്കാണ് പുറത്തുവിട്ടത്.

വിസ നിയമങ്ങളും സ്വദേശിവത്കരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച തൊഴിൽനിയമങ്ങളും ലംഘിച്ച് വർഷങ്ങളായി രേഖകളൊന്നുമില്ലാതെ കഴിയവേയാണ് ഇവരെ പിടികൂടി തിരിച്ചയച്ചത്.











## ഗ്രീക്ക് സാമ്പത്തിക തകർച്ച; പ്രതിസന്ധി രൂക്ഷം. ബാങ്കുകൾ പൂട്ടി



*ലണ്ടൻ:* ഗ്രീസ്, യൂറോ കറൻസി മേഖലയിൽനിന്നു പിന്മാറാൻ സാധ്യത തെളിഞ്ഞതും അവിടെ ബാങ്കുകൾ ഒരാഴ്ചത്തേക്ക് അടച്ചിട്ടതും ലോകമെങ്ങും കമ്പോളങ്ങളെ ഉലച്ചു. അടുത്ത ഞായറാഴ്ച ജനഹിത പരിശോധന നടത്താൻ ഗ്രീസിലെ ഇടതുപക്ഷ ഭരണകൂടം തീരുമാനിച്ചതിനെത്തുടർന്നാണു പുതിയ പ്രതിസന്ധി.

ഗ്രീസിനു സാമ്പത്തികസഹായം തുടരണമെങ്കിൽ പുതിയ ചെലവുചുരുക്കലും നയം മാറ്റങ്ങളും വേണമെന്നു യൂറോപ്യൻ കേന്ദ്രബാങ്കും (ഇസിബി) യൂറോപ്യൻ യൂണിയൻ നേതാക്കളും ആവശ്യപ്പെട്ടിരുന്നു. ഈ നിബന്ധനകൾ സ്വീകരിക്കണോ എന്നതിനെപ്പറ്റിയാണു ഹിതപരിശോധന നടത്തുന്നത്. ഇതറിഞ്ഞതോടെ ഗ്രീക്ക് ബാങ്കുകൾക്കുള്ള അധിക വായ്പാസൗകര്യം നിർത്തുന്നതായി ഇസിബി അറിയിച്ചു. ഇതു ഗ്രീക്ക് ബാങ്കുകളിൽ നിന്നു നിക്ഷേപം പിൻവലിക്കാനും പണം വിദേശത്തേക്കു കടത്താനും ജനങ്ങളെ പ്രേരിപ്പിക്കുമെന്നു കരുതി ഗ്രീസിലെ ബാങ്കുകൾ ഒരാഴ്ചത്തേക്ക് അടച്ചിടാൻ ഉത്തരവിട്ടു. എടിഎം കാർഡ് വഴി ഒരു ദിവസം 60 യൂറോയേ പിൻവലിക്കാവൂ എന്നും വിദേശത്തേക്കു പണം മാറ്ററുതെന്നും നിർദ്ദേശമുണ്ട്.

ഗ്രീസ് ഐഎംഎഫിന് ഇന്നു കടത്തിന്റെ ഗഡു അടയ്ക്കാനുണ്ട്. അത് അടയ്ക്കാൻ സാധ്യതയില്ല. അടയ്ക്കാതിരുന്നാൽ ഗ്രീസിനു തുടർസഹായം കിട്ടുന്നതിന് ഏറെ ബദ്ധപ്പെടേണ്ടിവരും. ഗ്രീസിന്റെ കടപ്പത്രങ്ങൾ വാങ്ങാൻ ആൾക്കാർ ഉണ്ടാവില്ല. ഇപ്പോൾ പതിനേഴര ലക്ഷം കോടി രൂപ (27,100 കോടി ഡോളർ)യാണു ഗ്രീസിന്റെ വിദേശ കടബാധ്യത.

## വൻമതിൽ തകർച്ചയുടെ വക്കിൽ



*ബെയ്ജിംഗ്:* ലോകാത്ഭുതങ്ങളിലൊന്നായ ചൈനയിലെ വൻമതിൽ തകർച്ചയുടെ വക്കിൽ. കാലാവസ്ഥാ വ്യതിയാനവും മനുഷ്യ ഇടപെടലുകളുമാണ് വൻമതിലിന്റെ തകർച്ചക്കു വേഗം കൂട്ടുന്നത്. നൂറ്റാണ്ടുകളുടെ കാലപ്പഴക്കത്തിൽ മതിലിന്റെ 1962 കിലോമീറ്റർ ദൂരം(30%) അപ്രത്യക്ഷമായി. മതിലിൽ മരങ്ങൾ വളർന്നതും നിർമാണത്തിനുപയോഗിച്ചിരുന്ന കട്ടകൾ കള്ളന്മാൻ കൊണ്ടുപോയതും തകർച്ചയ്ക്കു കാരണമായതായി ബെയ്ജിംഗ് ടൈംസ് റിപ്പോർട്ടു ചെയ്തു.

മതിൽ കടന്നുപോകുന്ന ലുലോങ് പ്രവിശ്യയിലെ ഹെബെയിൽ ജനങ്ങൾ വീടു നിർമിക്കാനായി മതിലിൽ നിന്ന് അടർത്തിയെടുക്കുന്ന കല്ലും മൺകട്ടകളുമാണ് ഉപയോഗിക്കുന്നത്. മതിലിനുമുകളിൽ പാകിയിരുന്ന കൊത്തുപണികളോടുകൂടിയ കൽഫലകങ്ങൾ 30 യുവാൻ വിലയ്ക്കാണു വിപണിയിൽ വിൽപ്പന നടക്കുന്നത്.

ചൈനീസ് നിയമമനുസരിച്ച് 5000 യുവാനാണ് മതിലിന്റെ ഭാഗങ്ങൾ നശിപ്പിക്കുന്നവർക്കു ലഭിക്കുന്ന പിഴ. ടൂറിസ്റ്റുകൾ വൻതോതിൽ എത്തുന്നത് വൻമതിൽ സംരക്ഷണത്തിനു തടസമാകുന്നതായി ഗ്ലോബൽ ടൈംസ് റിപ്പോർട്ടു ചെയ്തു.



പ്രവർത്തനം ആരംഭിച്ച ചെന്നൈ മെട്രോ

## മഹാത്മാഗാന്ധിയുടെ വധക്കേസിലെ എഫ്ഐആർ വെളിപ്പെടുത്താൻ വിവരാവകാശ കമ്മീഷന്റെ നിർദേശം



*ന്യൂഡൽഹി:* രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വധക്കേസിലെ അന്തിമ കുറ്റപത്രവും എഫ്ഐആറും വെളിപ്പെടുത്താൻ കേന്ദ്ര സർക്കാരിന് വിവരാവകാശ കമ്മീഷന്റെ നിർദേശം.

ഒഡീഷ സ്വദേശിയായ ഹേമന്ത പാണ്ഡെ വിവരാവകാശ നിയമപ്രകാരം നൽകിയ ചോദ്യങ്ങൾ പരിഗണിച്ചാണു വിവരാവകാശ കമ്മീഷണർ ശരത് സബർവാൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോടു നിർദേശിച്ചത്. ഗാന്ധിജി വധക്കേസിലെ അന്തിമ കുറ്റപത്രവും എഫ് ഐ ആറിനെ കുറിച്ചും തങ്ങൾക്ക് അറിയില്ലെന്നു ഗാന്ധി സ്മൃതിയും ദർശൻ സമിതിയും ചോദ്യത്തിനു മറുപടി നൽകിയതിനു പിന്നാലെയാണ് ഇക്കാര്യങ്ങൾ വെളിപ്പെടുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കമ്മീഷൻ നിർദേശം നൽകിയത്.

ഗാന്ധിജി വധക്കേസിലെ പ്രഥമ അന്വേഷണ റിപ്പോർട്ടും അന്തിമ കുറ്റപത്രവും ആവശ്യപ്പെട്ട ഹേമന്ത് പാണ്ഡെ, ഗാന്ധിജിയുടെ മൃതദേഹം നിയമ പ്രകാരം പോസ്റ്റ്മോർട്ടം നടത്തിയിരുന്നോ എന്നുമുള്ള ചോദ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. ചോദ്യം ലഭിച്ചതിനു പിന്നാലെ അത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നാഷണൽ ആർക്കേവ്സ് ഓഫ് ഇന്ത്യ ഡയറക്ടർക്കും ദർശൻ സമിതിക്കും കൈമാറി. ഗാന്ധിജി അവസാന സമയത്ത് താമസിച്ചിരുന്ന ബിർള ഹൗസാണ് നാഷണൽ ആർക്കേവ്സും ഗാന്ധി സ്മൃതിയുമായി മാറ്റിയത്.

1948 ജനുവരി 30നാണ് ബിർളാ ഹൗസിൽ വച്ച് നാഥുറാം ഗോഡ്സേ ഗാന്ധിജിയെ വെടിവച്ചു കൊലപ്പെടുത്തിയത്. തുഗ്ലക് റോഡ് പോലീസാണ് ഗാന്ധിജിയുടെ കൊലക്കേസ് അന്വേഷിച്ചത്. എഫ്ഐആർ തയാറാക്കിയതും അവരാണ്.

## ഉമ്മൻ ചാണ്ടി സർക്കാരിന്റെ ജനപക്ഷ പരിപാടികൾക്കുള്ള അംഗീകാരമാണ് ജനവിധി – എ.കെ.ആന്റണി



**ശബരിനാഥൻ – 56,448 വിജയകുമാർ – 46,320**
**ഒ.രാജഗോപാൽ – 34,415**
**1430 വോട്ടുമായി 'നോട്ട'നാലാമത്**
**പി.സി.ജോർജിനും ബാലകൃഷ്ണപിള്ളയ്ക്കും പാളി**

*ന്യൂഡൽഹി:* അരുവിക്കര ഉപതെരഞ്ഞെടുപ്പിലെ വിജയം യുഡിഎഫിന്റെ ചരിത്ര വിജയമാണെന്നു മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ ആന്റണി. അതോടൊപ്പം കേരളത്തിൽ ചരിത്രം തിരുത്തി യുഡിഎഫിന്റെ ഭരണത്തുടർച്ച ഉണ്ടാകുമെന്നതിന്റെയും ഇടതുപക്ഷത്തെ കേരളജനത രാഷ്ട്രീയ വനവാസത്തിന് അയയ്ക്കുന്നു എന്നതിന്റെയും വ്യക്തമായ സൂചനയാണ് ഇന്നലത്തെ വിജയമെന്നും ആന്റണി വ്യക്തമാക്കി.

സംസ്ഥാന ഭരണത്തിൽ നേതൃമാറ്റം അജൻഡയിലില്ലെന്നും ഉമ്മൻ ചാണ്ടി സർക്കാരിന്റെ ജനപക്ഷ പരിപാടികൾക്കുള്ള അംഗീകാരമാണ് ജനവിധിയെന്നും ആന്റണി പറഞ്ഞു. യുഡിഎഫിലും കോൺഗ്രസിലും ഇപ്പോഴുണ്ടായ ഐക്യവും കെട്ടുറപ്പും തുടരാനായാൽ ഭരണത്തുടർച്ച തീർച്ചയാണ്. രാഷ്ട്രീയമായി വിലയിരുത്തുമ്പോൾ തെരഞ്ഞെടുപ്പ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ വിജയം തന്നെയാണ്.

വി.എസ് അച്യുതാനന്ദൻ നടത്തിയ വിവാദ പരാമർശങ്ങളെക്കുറിച്ചു പ്രതികരിക്കാൻ വിമുഖത പ്രകടിപ്പിച്ച അദ്ദേഹം വി.എസ് ഇപ്പോഴും പഴയ വാരിക്കുന്തം കാലഘട്ടത്തിന്റെ രാഷ്ട്രീയത്തിലാണു ജീവിക്കുന്നതെന്നാണു പറഞ്ഞത്. ഇടതുപക്ഷത്തിന്റെ ജനകീയ അടിത്തറ വേഗത്തിൽ ചോർന്നു പോകുന്നതിന്റെ ലക്ഷണങ്ങളാണ് അരുവിക്കരയിൽ കണ്ടത്.

# ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷം ആഗസ്റ്റ് 23ന്






*ഫിലാഡല്‍ഫിയ:* ഡലവേര്‍ വാലിയിലെ മലയാളി സംഘടനകളുടെ ഐക്യവേദിയായ ട്രൈസ്റ്റേറ്റ് കേരള ഫോറം ഓര്‍മകള്‍ ഉണര്‍ത്തും പൊന്നോണം എന്ന ആഘോഷ പരിപാടി സംഘടിപ്പിക്കുന്നു.

ഓഗസ്റ്റ് 23നു (ഞായര്‍) ഉച്ച കഴിഞ്ഞ് 2 മുതല്‍ രാത്രി എട്ടു വരെയാണ് ആഘോഷ പരിപാടികള്‍.

സെന്റ് തോമസ് സീറോ മലബാര്‍ ഓഡിറ്റോറിയം 608 വെല്‍ഷ് റോഡ്, ഫിലാഡല്‍ഫിയ, 19115ലാണ് ആഘോഷ പരിപാടികള്‍.

അമേരിക്കയിലെ സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രമുഖര്‍ പങ്കെടുക്കുന്ന സാംസ്കാരിക സമ്മേളനം കേരള തനിമയും സംസ്കാരവും വിളിച്ചറിയിക്കുന്ന സാംസ്കാരിക ഘോഷയാത്ര, തെയ്യം, പുലിക്കളി, തിരുവാതിരകളി, വിവിധ നൃത്ത വിദ്യാലയങ്ങള്‍ അവതരിപ്പിക്കുന്ന നൃത്തങ്ങള്‍, ഗാനമേള, വിവഭസമൃദ്ധമായ ഓണസദ്യ എന്നിവയ്ക്കു പുറമേ ഓഗസ്റ്റ് 15നും 23നും നടക്കുന്ന വോളിബോള്‍ ടൂര്‍ണമെന്റ്, കാര്‍ഷികരത്നം അവാര്‍ഡ് ദാനം, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖരെ ആദരിക്കല്‍ എന്നിവയും ആഘോഷങ്ങള്‍ക്കു മാറ്റു കൂട്ടുമെന്നു ചെയര്‍മാന്‍ രാജന്‍ സാമുവല്‍ അറിയിച്ചു.

ഫിലാഡല്‍ഫിയായിലും പരിസരപ്രദേശങ്ങളിലും പ്രവര്‍ത്തിക്കുന്ന 15 സംഘടനകളുടെ സാരഥികള്‍ ആഘോഷ പരിപാടികള്‍ക്കു നേതൃത്വം നല്‍കും. ഉത്സവത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികള്‍ പ്രവര്‍ത്തനം ആരംഭിച്ചു കഴിഞ്ഞു.

ഓണാഘോഷ കമ്മിറ്റി ചെയര്‍മാന്‍ റോണി വര്‍ഗീസ്. കള്‍ച്ചറല്‍ പ്രോഗ്രാം: ഷിബു ജോണ്‍, ജയ്സണ്‍ വര്‍ഗീസ്, ജിനുമോന്‍ തോമസ്. വോളിബോള്‍: എം.സി. സേവ്യര്‍, ജോസഫ് തോമസ്, സുനോജ് മാത്യു, ജോണികുട്ടി മാത്യു, ടിബു ജോസ്. കര്‍ഷകരത്നം: ഫിലിപ്പോസ് ചെറിയാന്‍. അവാര്‍ഡ്: ജോര്‍ജ് ഓലിക്കല്‍. ഫണ്ട് റൈസിംഗ്: ഷാജി മിറ്റത്താനി. ഘോഷയാത്ര: ജോസഫ് ഫിലിപ്പ്. റിസപ്ഷന്‍: സാജന്‍ വര്‍ഗീസ്. ഓണസദ്യ: തോമസ് പി. മാത്യു, റോയി സാമുവല്‍.

ഡലവേര്‍ വാലിയില്‍ സംഘടിപ്പിക്കുന്ന ഓണ മഹോത്സവത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

വിവരങ്ങള്‍ക്ക്: രാജന്‍ സാമുവല്‍ (ചെയര്‍മാന്‍), 215 435 1015, സജി കരിംകുറ്റി (സെക്രട്ടറി) 215 385 1963, ഈപ്പന്‍ മാത്യു (ട്രഷറര്‍) 215 221 4138.

# അന്താരാഷ്ട്ര ഫോട്ടോഗ്രഫി മത്സരം തീയതി 12 വരെ നീട്ടി

*ന്യൂയോര്‍ക്ക്:* അമേരിക്കയിലെ പ്രമുഖ മലയാളിസംഘടനയായ വെസ്റ്റ് ചെസ്റ്റര്‍ മലയാളി അസോസിയേഷന്‍ (ഡബ്ല്യുഎംഎ) സംഘടിപ്പിച്ചിരിക്കുന്ന അന്താരാഷ്ട്ര ഫോട്ടോഗ്രഫി മത്സരത്തില്‍ പങ്കെടുക്കാനുള്ള അവസരം ജൂലൈ പത്തു വരെ നീട്ടിയതായി സംഘാടകര്‍ അറിയിച്ചു.

സ്മൈല്‍ ആന്‍ഡ് ക്ലിക്ക് എന്ന മത്സരത്തിനു വളരെ നല്ല പ്രതികരണം ലഭിക്കുന്നുണ്ടെന്ന് സംഘാടകര്‍ അറിയിച്ചു.

ഇന്റര്‍നെറ്റിന്റെ അനന്തസാധ്യതകള്‍ ഉപയോഗിച്ചുകൊണ്ടു ലോകത്തിന്റെ ഏതു കോണില്‍നിന്നുള്ളവര്‍ക്കും മത്സരത്തില്‍ പങ്കെടുക്കാന്‍ അവസരമൊരുക്കിയിട്ടുണ്ട്. പ്രായ പരിധി ഇല്ലാതെ ആര്‍ക്കും മത്സരത്തില്‍ പങ്കെടുക്കാം. എന്നാല്‍, നിങ്ങള്‍ എടുക്കുന്ന ചിത്രങ്ങളിലെ കഥാപാത്രങ്ങള്‍ക്കു പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. പേര്, ജനനത്തീയതി എന്നിവ ഫോട്ടോയോടൊപ്പം അയയ്ക്കണം. ഓണ്‍ലൈനായി ജെപിഇജി ഫോര്‍മാറ്റില്‍ അയയ്ക്കുന്ന ചിത്രങ്ങള്‍ മാത്രമേ മത്സരത്തിലേക്കു പരിഗണിക്കുകയുള്ളൂ. മറ്റേതെങ്കിലും മത്സരത്തില്‍ സമ്മാനം നേടിയ ചിത്രങ്ങള്‍ പരിഗണിക്കുകയില്ല.

വെസ്റ്റ് ചെസ്റ്റര്‍ മലയാളി അസോസിയേഷന്റെ ഈ വര്‍ഷത്തെ ഓണാഘോഷത്തിനിടയില്‍ സമ്മാനാര്‍ഹരെ പ്രഖ്യാപിക്കുകയും സമ്മാനം നല്‍കുകയും ചെയ്യും.

wmasmiles@gmail.com. ലിജോ ജോണ്‍ 516 946 2222

# ഡാളസില്‍ അന്തര്‍ദേശീയ യോഗ ദിനം ആചരിച്ചു



**പി.പി. ചെറിയാന്‍**

*ഇര്‍വിംഗ് (ഡാളസ്):* മഹാത്മാഗാന്ധി മെമ്മോറിയല്‍ ഓഫ് നോര്‍ത്ത് ടെക്സസ് അസോസിയേഷനും ആര്‍ട്ട് ഓഫ് ലിവിംഗും സംയുക്തമായി ഇര്‍വിംഗ് തോമസ് ജഫര്‍സന്‍ പാര്‍ക്കില്‍ ജൂണ്‍ 21 നു (ഞായര്‍) അന്തര്‍ദേശീയ യോഗാ ദിനം ആഘോഷിച്ചു.

മഹാത്മാഗാന്ധി പാര്‍ക്കില്‍ മൂന്നൂറോളം പേരാണു യോഗയില്‍ പങ്കെടുക്കാന്‍ എത്തിചേര്‍ന്നത്. യോഗ പരിശീലകനും മഹാത്മാഗാന്ധി മെമ്മോറിയല്‍ പ്രോജക്ട് ചെയര്‍മാനുമായ ഡോ. പ്രസാദ് തോട്ടക്കൂറ അന്തര്‍ദേശീയ യോഗ ദിനത്തിന്റെ ഉദ്ഘാടനം നിര്‍വഹിച്ചു.

മെയ്യഭ്യാസമായോ ഫാഷനായോ യോഗയെ കാണരുതെന്നും ശരീരവും മനസും ആത്മാവും സമന്വയിപ്പിക്കപ്പെടുന്ന ഒന്നാണ് യോഗാഭ്യാസം എന്നു ചെയര്‍മാന്‍ തോട്ടക്കൂറ അഭിപ്രായപ്പെട്ടു. ദിവസവും യോഗാ അഭ്യസിക്കുന്നത് മനസിനേയും വികാരത്തേയും നിയന്ത്രിക്കുവാന്‍ അത്യന്താപേക്ഷിതമാണെന്നും യോഗാഭ്യാസം എന്നതു രാഷ്ട്രത്തിന്റെ ആവശ്യം കൂടിയാണെന്നും അദ്ദേഹം ഓര്‍മപ്പെടുത്തി.

192 രാഷ്ട്രങ്ങളിലായി രണ്ട് ബില്യണ്‍ ജനങ്ങള്‍ യോഗ ദിനത്തില്‍ ഒത്തുചേര്‍ന്നത് യോഗയുടെ പ്രാധാന്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എംജിഎംഎല്‍ടി ബോര്‍ഡ് ഓഫ് ഡയറക്ടേഴ്സ് അംഗം ശബ്നം ആര്‍ട്ട് ഓഫ് ലിവിംഗ് ടീമിനെ പിരചയപ്പെടുത്തി.

രജനീഷ് ഗുപ്ത, ശ്രീധര്‍ ഇള്‍ജാറാം, ഡോ. നിക്ക് ഷ്റോഫ്, ആങ്കൂര്‍ ബോറ, ദീപ എന്നിവര്‍ വോളന്റിയര്‍മാരായിരുന്നു. റാവു കല്‍വാല (സെക്രട്ടറി) സ്വാഗതവും തയ്ബ് കുണ്ടന്‍ വാലാ നന്ദിയും പറഞ്ഞു.

# ഐ.എന്‍.ഒ.സി. ഡാളസ് ചാപ്റ്റര്‍ പ്രവര്‍ത്തകയോഗം ജൂലൈ 12ന്



*ഡാളസ്:* ഇന്ത്യന്‍ നാഷണല്‍ ഓവര്‍സീസ് കോണ്‍ഗ്രസ് യുഎസ്എ (കേരള ചാപ്റ്റര്‍) ഡാളസ്-ഫോര്‍ട്ട് വര്‍ത്ത് യൂണിറ്റ് പ്രവര്‍ത്തക യോഗം ജൂലൈ 12നു വൈകുന്നേരം 4.30ന് ഇര്‍വിംഗ് പസന്റ് റസ്റ്ററന്റില്‍ നടക്കും.

ഐഒസി യുഎസ്എ കേരള ചാപ്റ്റര്‍ ഷിക്കാഗോയില്‍ ഓഗസ്റ്റ് 21, 22 തീയതികളില്‍ ചേരുന്ന നാഷണല്‍ കണ്‍വന്‍ഷന്‍ വിജയിപ്പിക്കുന്നതിനെക്കുറിച്ചും മെംബര്‍ ഷിപ്പ് പ്രവര്‍ത്തന പുരോഗതിയെക്കുറിച്ചും യോഗം ചര്‍ച്ച ചെയ്യും. പ്രവര്‍ത്തക യോഗത്തില്‍ ടെക്സ-ഒക്‌ലഹോമ റീജണ്‍ വൈസ് പ്രസിഡന്റ് ബോബന്‍ കൊടുവത്ത് പങ്കെടുക്കും.

ഡിഎഫ്ഡബ്ല്യു മെട്രോപ്ലക്സിന്റെ എല്ലാ കോണ്‍ഗ്രസ് പ്രവര്‍ത്തകരും അനുഭാവികളും യോഗത്തില്‍ പങ്കെടുക്കണമെന്നു പ്രസിഡന്റ് രാജന്‍ മാത്യു, സെക്രട്ടറി ബാബു പി. നൈനാന്‍ എന്നിവര്‍ അഭ്യര്‍ഥിച്ചു.

വിവരങ്ങള്‍ക്ക്: ബാബു പി. സൈമണ്‍ 214 735 3999, ടി.സി. ചാക്കോ 214 682 7672.

**പി.പി. ചെറിയാന്‍**


## St.Thomas Indian Orthodox Church
### 1009 Unruh Avenue, Philadelphia, PA 19111

**Rental Space Available**

1. **Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.
2. **Sanctuary**: For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.
3. **Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.
4. **Other Rooms**: Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

*For more information contact*

**(215)342-1500. Fax your needs to (215) 342-2700**

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദീസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

## ഹിന്ദു കൺവൻഷനിൽ ശ്രീശ്രീ രവിശങ്കർ പങ്കെടുക്കും



*ഷിക്കാഗോ:* കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ഡാളസ് എയർപോർട്ട് ഹയാത്ത് റീജൻസിയിൽ 2 മുതൽ ആറു വരെ നടക്കുന്ന അന്തർദേശീയ ഹിന്ദു മഹാസംഗമത്തിൽ ജീവനകലയുടെ ആചാര്യൻ ശ്രീശ്രീ രവിശങ്കർ പങ്കെടുക്കുന്നതാണെന്ന് പ്രസിഡന്റ് ടി. എൻ. നായർ അറിയിച്ചു.

ഹിന്ദു സംഗമത്തിന്റെ രണ്ടാം ദിനമായ മൂന്നിനു (വെള്ളി) രാവിലെ 10 മുതൽ 12 വരെ അദ്ദേഹം കൺവൻഷൻ നഗറിൽ ഏവർക്കും ദർശനവും പ്രഭാഷണവും ഉണ്ടായിരിക്കും.

കൺവൻഷനുവേണ്ട എല്ലാവിധ ക്രമീകരണങ്ങളും ചെയ്തുകഴിഞ്ഞതായി കൺവൻഷൻ ചെയർമാൻ റെനിൽ രാധാകൃഷ്ണനും കൺവൻഷൻ രജിസ്ട്രേഷൻ മികച്ച രീതിയിൽ നടന്നതായി രജിസ്ട്രേഷൻ ചെയർമാൻ ഹരിദാസും അറിയിച്ചു.

സംഗമത്തിൽ പങ്കെടുത്ത് വൻവിജയമാക്കിതീർക്കണമെന്ന് ട്രസ്റ്റി ചെയർമാൻ ശശിധരൻ നായർ അഭ്യർത്ഥിച്ചു.

സതീശൻ നായർ അറിയിച്ചതാണിത്.

For Advertisement
Tel: 267-991-2111
CONTACT US



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

## ഇന്ത്യൻ അമേരിക്കൻ ബിസിനസ് അസോസിയേഷന്റെ സൗഹൃദകൂട്ടായ്മ നടന്നു



*ന്യൂയോർക്ക്:* ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റിൽ ജൂൺ 4ന് ഇന്ത്യൻ അമേരിക്കൻ ബിസിനസ് അസോസിയേഷന്റെ സൗഹൃദകൂട്ടായ്മ നടന്നു.

അംബാസിഡർ ജ്ഞാനേശ്വർ മുലായ് മുഖ്യാതിഥിയായിരുന്നു. വൈകുന്നേരം ഏഴിനു ഇന്ത്യൻ-അമേരിക്കൻ ദേശീയഗാനത്തോടു കൂടി പരിപാടികൾ ആരംഭിച്ചു. നേപ്പാൾ ഭൂകമ്പത്തിൽ മരിച്ചവർക്കായി മൗനപ്രാർഥന നടത്തി.

ഇന്ത്യൻ അമേരിക്കൻ ബിസിനസ് അസോസിയേഷൻ പ്രസിഡന്റ് മോഹീന്ദർ വർമ്മ സ്വാഗത പ്രസംഗം നടത്തി. ന്യൂയോർക്ക് സിറ്റി മേയറുടെ പ്രതിനിധി റോഡ്നി കാർവൻജൽ ന്യൂയോർക്ക് സിറ്റിയുടെ പുതിയ ബിസിനസ് പോളിസിയെക്കുറിച്ചും ഇന്ത്യക്കാർ വ്യാവസായിക മേഖലയ്ക്ക് നൽകുന്ന സംഭാവനകളെക്കുറിച്ചും പ്രശംസിക്കുകയുണ്ടായി. ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ഡേവിഡ് വെപ്രിൻ സെറ്റേഷൻ നൽകി സംഘടനയെ ആദരിച്ചു.

അംബാസിഡർ തന്റെ പ്രസംഗത്തിൽ ഇന്ത്യക്കാരുടെ വിവിധ മേഖലകളിലുള്ള വളർച്ചയെക്കുറിച്ച് ഊന്നി പറഞ്ഞു. കമ്പനികളുടെ തലപ്പത്തിരിക്കുന്ന ധാരാളം സി.ഇ.ഒമാർ, രാഷ്ട്രീയ രംഗത്ത് രണ്ട് സംസ്ഥാനങ്ങളിലുള്ള ബോബി ജിൻഡാൽ, നിക്കി ഹേലി എന്നിവരെ പ്രശംസിച്ചു. കൂടുതൽ ആളുകൾ മുഖ്യധാരയിലേക്ക് വരാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രമുഖ വ്യവസായികളെ ഫലകങ്ങൾ നൽകി ആദരിച്ചു. തുടർന്ന് കൃതിക, പിങ്കു, ജസീക്ക എന്നിവർ നയിച്ച ഡാൻസും അരങ്ങേറി. നന്ദി പ്രകാശനത്തോടും സ്നേഹ വിരുന്നോടുംകൂടി യോഗം അവസാനിച്ചു.

ഇന്ത്യൻ അമേരിക്കൻ മലയാളി ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് മാധവൻ നായർ, ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പള്ളിൽ, ഫൊക്കാനാ വിമൻസ് ഫോറം ചെയർ ലീല മാരേട്ട് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## കാതോലിക്ക ബാവയുടെ സന്ദർശനം

ജോൺസൺ പുഞ്ചക്കോണം



*ന്യൂയോർക്ക്:* മലങ്കര സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ 14 ദിവസത്തെ സന്ദർശനത്തിനായെത്തി. കാതോലിക്ക ബാവയെയും സംഘത്തെയും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളാവോസ്, ഭദ്രാസനത്തിലെ വൈദികർ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ ചേർന്നു സ്വീകരിച്ചു.

1979ൽ സ്ഥാപിതമായ അമേരിക്കൻ ഭദ്രാസങ്ങളിലേക്കു കാതോലിക്കാനിധി ശേഖരണവുമായി ബന്ധപ്പെട്ട് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവാ നേരിട്ട് എഴുന്നള്ളുകയാണ്. ഇരു ഭദ്രാസനങ്ങളിലും ഫിലാഡൽഫിയ, ന്യൂയോർക്ക്, ഡാളസ് എന്നീ മൂന്നു സ്ഥലങ്ങളിലായി ഭദ്രാസന മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിൽനിന്നും ചുമതലക്കാർ തങ്ങളുടെ കാതോലിക്കാ നിധി ശേഖരണം കൈമാറും. കാതോലിക്കാ നിധി ശേഖരണത്തിനു കേരളത്തിലെ മെത്രാസനങ്ങളിൽ കാതോലിക്കാ ബാവ ശ്ലൈഹിക സന്ദർശം നടത്തുന്ന പതിവ് പരിശുദ്ധ ബസേലിയോസ് മർത്തോമ മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്താണ് തുടക്കമിട്ടത്.

3 വെള്ളിയാഴ്ച വൈകുന്നേരം ഫിലാഡഫിയയിലെത്തുന്ന കാതോലിക്കാ ബാവ, സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ സന്ധ്യാനമസ്കാരത്തിനു നേതൃത്വം നൽകും. ശനി രാവിലെ 8.30നു പ്രഭാതനമസ്കാരത്തെ തുടർന്നു 9.30നു വിശുദ്ധ കുർബാനയ്ക്ക് കാതോലിക്കാ ബാവ കാർമികത്വം വഹിക്കും. ഉച്ച കഴിഞ്ഞ് 1.30നു കാതോലിക്കാ നിധി ശേഖരണവുമായി ബന്ധപ്പെട്ട് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കൊളവോസിന്റെ അധ്യക്ഷതയിൽ വാഷിംഗ്ടൺ ഡിസി, ബാൾട്ടിമോർ, ഫിലാഡൽഫിയ എന്നീ ഏരിയയിലെ പള്ളി പ്രതിപുരുഷന്മാരുടെ മെത്രാസനയോഗത്തിൽ കാതോലിക്കാ ബാവ അനുഗ്രഹപ്രഭാഷണം നടത്തും. നിരണം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, വൈദിക ട്രസ്റ്റി ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയവർ പങ്കെടുക്കും

4ന് വൈകുന്നേരം ന്യൂയോർക്കിലേക്കുപോകുന്ന കാതോലിക്ക ബാവയും സംഘവും ഓറഞ്ചുബർഗ് സെന്റ് ജോൺസ് ഓർത്തഡോക്സ് ദേവാലയത്തിൽ സന്ധ്യാനമസ്കാരം നടത്തും.

5ന് (ഞായർ) രാവിലെ 8.30നു പ്രഭാതനമസ്കാരത്തെ തുടർന്നു 9.30നു വിശുദ്ധ കുർബാനക്ക് കാതോലിക്ക ബാവ കാർമികത്വം വഹിക്കും. ഉച്ചയ്ക്ക് 3.30നു ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കൊളവോസിന്റെ അധ്യക്ഷതയിൽ ന്യൂയോർക്ക്, ന്യൂജേഴ്സി ഏരിയയിലെ പള്ളി പ്രതിപുരുഷന്മാരുടെ യോഗം നടക്കും. കാതോലിക്കാനിധി ശേഖരണവുമായി ബന്ധപ്പെട്ട് ഭദ്രാസന പ്രധിനിധികളുടെ സമ്മേളനത്തെ അഭിസംബോധന ചെയ്ത് കാതോലിക്കാ ബാവ അനുഗ്രഹപ്രഭാഷണം നടത്തും. നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, വൈദിക ട്രസ്റ്റി ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയവർ പ്രസംഗിക്കും

തുടർന്ന് ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങൾ കാതോലിക്ക ബാവ സന്ദർശിക്കും.

ഡാളസ് ഇന്റർകോണ്ടിനന്റൽ ഹോട്ടലിൽ നടക്കുന്ന സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിൽ കാതോലിക്കാ ബാവയും സംഘവും പങ്കെടുക്കും.

## യോങ്കേഴ്സ് ഇന്ത്യൻ അമേരിക്കൻ കമ്യൂണിറ്റി കുടുംബസംഗമം



*ന്യൂയോർക്ക്:* യോങ്കേഴ്സിലെ ഇന്ത്യൻ അമേരിക്കൻ മലയാളി കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ ഇദംപ്രഥമമായി കുടുംബസംഗമം ജൂൺ 26നു സെൻട്രൽ പാർക്ക് അവന്യൂവിലുള്ള മുംബൈ സ്പൈസസ് റസ്റ്ററന്റിൽ നന്നു.

യോങ്കേഴ്സിലും സമീപ പ്രദേശങ്ങളിലുമുള്ള മലയാളികൾക്കു തിരക്കിട്ട തങ്ങളുടെ ജീവിതത്തിൽ ഒരല്പ സമയം ആസ്വദിക്കുന്നതിനും, പരസ്പരം കണ്ടുമുട്ടുന്നതിനും, ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുമുള്ള സുവർണാവസരമായിരുന്നു ഇത്.

പ്രസിഡന്റ്: ഇട്ടൻ ജോർജ് (914 607 7367), വൈസ് പ്രസിഡന്റ് എം.കെ.മാത്യൂസ് (91480 65007), ട്രഷറർ ജോർജ് കുട്ടി ഉമ്മൻ (914 374 7624), കോർഡിനേറ്റർ അലക്സ് തോമസ് (914 473 0142), പിആർഒ : ബിനു ചാവറ (914 471 2107), സെക്രട്ടറി തോമസ് കൂവള്ളൂർ (914 471 2107) തോമസ് കൂവള്ളൂർ എന്നിവർ നേതൃത്വം നൽകി.

## ഹിന്ദു കുടുംബസംഗമം ഡാളസിൽ

*ഡാളസ്:* കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ എട്ടാമത്തെ ഹിന്ദു കുടുംബസംഗമം 2 മുതൽ ആറു വരെ ഡാളസ് ഡിഎഫ് ഡബ്ല്യു എയർപോർട്ട് ഹയാട്ട് റീജൻസിയിൽ നടക്കും. ഒട്ടേറെ പുതുമകളുമായി നടക്കുന്ന സംഗമത്തിനു രജിസ്ട്രേഷനിലൂടെ വൻ പ്രതികരണമാണു ലഭിച്ചത്.

സംഘടനയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് നിർണായക പങ്കു വഹിക്കും എന്ന് കരുതപ്പെടുന്ന സംഗമം പ്രമുഖ ആത്മീയ-സാംസ്കാരിക-സാഹിത്യ നായകരുടെ മഹനീയ സാന്നിധ്യത്താൽ ധന്യമാകും.

ഉത്സവസമാനമായ നാലു ദിവസങ്ങൾ ഉറപ്പുവരുത്താൻ സംഘാടക സമിതി കഠിന പ്രയത്നം നടത്തുന്നു. യുവ കുടുംബ പ്രാതിനിധ്യവും അമേരിക്കയിലെ പുതു തലമുറയിൽപ്പെട്ട കുടുംബങ്ങൾക്കു മുൻപില്ലാത്ത വിധം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികളും കൺവൻഷന്റെ മാറ്റു കൂട്ടും എന്നു കരുതപ്പെടുന്നു. വിവിധ കലാമത്സരങ്ങൾ, മാസ് തിരുവാതിര, ഡി ജെ പാർട്ടി, ടാലന്റ് ഷോ, കരിയർ ഗൈഡൻസ്, പ്രഫഷണൽ സമ്മിറ്റ് തുടങ്ങി വേറിട്ട പരിപാടികളാൽ സമ്പന്നമാവും കൺവെൻഷൻ. സനാതനധർമത്തിൽ അധിഷ്ഠിതമായ ജീവിതമൂല്യങ്ങൾ അമേരിക്കൻ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഓരോ കുടുംബത്തെയും സജ്ജമാക്കുക എന്നതിനൊപ്പം സമാനമായി ഭൗതികജീവിതത്തിൽ വിജയം കൈവരിക്കാനുള്ള ശ്രമങ്ങൾക്കും പിന്തുണ നൽകുന്ന രീതിയിലുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. രഞ്ജിത് നായർ അറിയിച്ചതാണിത്.

## ചിക്കാഗോയിൽനിന്നും നാടൻ റേഡിയോ സംപ്രേഷണം

*ഷിക്കാഗോ:* നാടൻ, ദേശീയ, അന്തർദേശീയ വാർത്തകളും, വിശേഷങ്ങളുമായി ഷിക്കാഗോയിൽ നിന്നും നാടൻ റേഡിയോ സംപ്രേഷണം ആരംഭിച്ചു.

ഇരുപത്തിനാലു മണിക്കൂറും വാർത്തകളും അതോടൊപ്പം ഗാനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ലോകമെമ്പാടുമുള്ള വാർത്തകൾ നാടൻ റേഡിയോയിലൂടെ ഇരുപത്തിനാലു മണിക്കൂറും ശ്രവിക്കാവുന്നതാണ്. പ്രവർത്തനപരിചയമുള്ള ഏതാനും പേരുടെ കൂട്ടായ്മയായാണു നാടൻ റേഡിയോയുടെ തുടക്കം. ശിവൻ മുഹമ്മ, ഡോ. റോയി തോമസ്, ജയൻ മുളങ്ങാട്, ജോസ് കാടാപുറം, പ്രസന്നൻ പിള്ള, ശങ്കരൻകുട്ടി, സതീശൻ നായർ, മനു വർഗീസ് എന്നിവരുടെ കൂട്ടായ്മയിലൂടെ പ്രവർത്തനം മുന്നോട്ടു പോകുന്നു. കൂടാതെ, സുധ ഡാളസ്, ജാനം ഗോപാലകൃഷ്ണൻ, സീമാ ജയചന്ദ്, ലിൻസ് ജോസഫ്, പ്രവീൺ സൂരിച്ച്, വിക്കി ഒക്കലെഹോമ, സ്വപ്ന ന്യൂഡൽഹി, അഭിരാമി അവിനാശ് തുടങ്ങിയവരും വാർത്തകൾ കൈകാര്യം ചെയ്യുന്നു.

നിങ്ങൾക്കും വാർത്തകൾ വായിക്കാനുള്ള സുവർണാവസരം നാടൻ റേഡിയോ ഒരുക്കുന്നു. നിങ്ങൾക്ക് ലഭിക്കുന്ന പ്രധാന വാർത്തകൾ റിക്കാർഡ് ചെയ്ത് ഞങ്ങൾക്ക് അയച്ചുതന്നുകൊണ്ട് നാടൻ റേഡിയോയിൽ പങ്കാളികളാകുക. നാടൻ റേഡിയോയിലൂടെ വാർത്തകൾ ശ്രവിക്കാനും, കൂടുതൽ വിവരങ്ങൾ അറിയുവാനും www.naatanradio.com സന്ദർശിക്കുക. കൂടുതൽ വിഭവങ്ങളുമായി നാടൻ റേഡിയോ വിപുലീകരിക്കുന്നതാണെന്നു സ്ഥാപകൻ ശിവൻ മുഹമ്മ അറിയിച്ചു. സതീശൻ നായർ അറിയിച്ചതാണിത്.

## പത്തനംതിട്ട അസോസിയേഷന്റെ പ്രവർത്തന ഉദ്ഘാടനം വിപുലമായ പരിപാടികളോടെ നടന്നു



*ഫിലാഡൽഫിയ:* ഫിലാഡൽഫിയായിലെ പ്രമുഖ സംഘടനയായ പത്തനംതിട്ട ജില്ലാ അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനവും കുടുംബസംഗമവും ശനിയാഴ്ച ഫിലാഡൽൽഫിയ അസൻഷൻ മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ വിപുലമായ പരിപാടികളോടുകൂടി നടത്തി.

സെക്രട്ടറി ഡോ.രാജൻ തോമസ്, പ്രസിഡന്റിനെയും മറ്റ് വിശിഷ്ടാതിഥികളെയും സ്വാഗതം ചെയ്തു. റെജീന തോമസ്, സാറാ കാപ്പിൽ എന്നിവർ അമേരിക്കൻ ദേശീയ ഗാനവും, സാലു യോഹന്നാൻ, ജെസി ഐപ്പ്, സൂസമ്മ വർഗീസ് എന്നിവർ ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു.

രാജി ഡാനിയേൽ, ഓമന ബാബു എന്നിവരുടെ പ്രാർത്ഥനാ ഗാനത്തിനു ശേഷം അസോസിയേഷൻ പ്രസിഡന്റ് രാജു ശങ്കരത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചാക്കോ ശങ്കരത്തിലിന്റെയും കെ.കെ. നായരുടെയും പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചു. തുടന്ന് വിശിഷ്ടാതിഥിയായ റവ. കെ. മത്തായി കോർ എപ്പിസ്കോപ്പ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

ഫാ. കെ.കെ. ജോൺ, അസോസിയേഷൻ അഡ്വൈസറി ബോർഡ് ചെയർപേഴ്സൺ രാജു വർഗീസ്, വുമൺസ് ഫോറത്തെ പ്രതിനിധീകരിച്ച് ഓമന ബാബു, ചാരിറ്റി ചെയർമാൻ രാജു ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു.

രാജു ഗീവർഗീസിന്റെ നേതൃത്വത്തിൽ നടന്ന ചാരിറ്റി ഫണ്ട് റെയ്സിംഗിന്റെ ഉത്ഘാടനം ബാബു തോമസ്-ലിസി തോമസ് എന്നിവരിൽ നിന്നു സ്വീകരിച്ചുകൊണ്ടു മത്തായി കോർ എപ്പിസ്കോപ്പ നിർവഹിച്ചു. സംഘടനയുടെ പിആർഒ ഡാനിയേൽ പി.തോമസ് (സണ്ണി) ഫാദേഴ്സ് ഡേ മെസേജ് നൽകി. ദയാ കാപ്പിൽ ആയിരുന്നു പബ്ലിക് മീറ്റിംഗിന്റെ എം.സി. ആർട്സ് ചെയർമാൻ തോമസ് എം. ജോർജിന്റെ (പൊന്നച്ചൻ) നേതൃത്വത്തിലും, ദയാ കാപ്പിൽ, സിബി ചെറിയാൻ എന്നിവരുടെ സഹകരണത്തിലും നടന്ന കൾച്ചറൽ പ്രോഗ്രാമിൽ, മുതിർന്നവരെയും കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഫിലാഡൽഫിയായിലെ പ്രശസ്ത മാജിക് ട്രൂപ്പായ ഡി. ജെ യിലെ പ്രശസ്ത മജീഷ്യൻ അവതരിപ്പിച്ച ഒരു മണിക്കൂർ ദൈർഘ്യമുള്ള മാജിക് ഷോ വേറിട്ട അനുഭവമായി. മോൾസി തോമസ്, ജോൺ കാപ്പിൽ, റിയാ തോമസ് എന്നിവർ കവിത ആലപിച്ചു. ശ്രുതി മാമ്മൻ, റെജീന തോമസ്, സാറാ കാപ്പിൽ, ജൊവാൻ കോശി, ജൊവാനാ മാരേട്ട് എന്നിവരുടെ നൃത്തങ്ങളും കെവിൻ വർഗീസ്, അൻസു വർഗീസ് എന്നിവർ ചേർന്നു നടത്തിയ ഗാനമേള ശ്രോതാക്കളുടെ ഹൃദയം കീഴടക്കി. ഫാ. ഷിബു വേണാട് മത്തായി, ഫാ. ബോബി പീറ്റർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

കൾച്ചറൽ പ്രോഗ്രാം വൻ വിജയമാക്കിത്തീർത്ത എല്ലാവരോടുമുള്ള നന്ദി തോമസ് എം. ജോർജ് അറിയിച്ചു. ഈ പരിപാടികളുടെ ശ്രവണ ദൃശ്യ മാധ്യമ വിഭാഗം ക്രിസ്റ്റഫർ യോഹന്നാൻ, ജിജി എം കോശി, മനോജ് സാമുവൽ എന്നിവർ ചേർന്നു നിർവഹിച്ചു. പരിപാടികളുടെ വിജയത്തിനായി ട്രഷറാർ ഐപ്പ് ഉമ്മൻ മാരേട്ടിന്റെ നേതൃത്വത്തിൽ, ജോൺ പാറയ്ക്കൽ, ഡാനിയേൽ പീറ്റർ, തോമസ് മത്തായി, തുടങ്ങിയവർ വിവിധ കമ്മറ്റികളിൽ പ്രവർത്തിച്ചു. ബാബു വർഗീസ് വട്ടക്കാട്ട്, ചെറിയാൻ കോശി എന്നിവരുടെ നേതൃത്വത്തിലും, ഓമന ബാബു, സാലു യോഹന്നാൻ, ജെസി ഐപ്, സൂസൻ തോമസ്, രാജി ഡാനിയേൽ എന്നിവരുടെ സഹകരണത്തിലും നടന്ന വിഭവസമൃദ്ധമായ ഡിന്നറോടുകൂടി യോഗം പര്യവസാനിച്ചു.

## അലിഗർ അലുമ്നി അസോസിയേഷൻ പതിനാലാമത് സമ്മേളനം നടന്നു



**പി.പി. ചെറിയാൻ**

*ഹൂസ്റ്റൺ:* ഫെഡറേഷൻ ഓഫ് അലിഗർ അലുമ്നി അസോസിയേഷൻ പതിനാലാമതു വാർഷിക സമ്മേളനം ജൂൺ 12 മുതൽ 14വരെ ഹൂസ്റ്റൺ റിവർ ഓക്സിലെ ക്രൗൺ പ്ലാസായിൽ വിജയകരമായി നടന്നു.

12ന് രാവിലെ അബ്ദുൽ ഹഫീസ് ഖാന്റെ ഖുറാൻ പാരായണത്തോടെ ഉദ്ഘാടന സമ്മേളനം നടന്നു. പ്രഫ. ഹബീബ് സുബരി അധ്യക്ഷത വഹിച്ചു. പ്രഫ. ഷക്കീൽ അൻസാരി, മുഖ്യാതിഥി അലിഗർ മുസ്‌ലിം യൂണിവേഴ്സിറ്റി പ്രഫസർ വൈസ് ചാൻസലർ ബ്രിഗേഡിയർ (റിട്ടയേർഡ്) സയ്യദ് അഹമ്മദ് അലി, പ്രതിനിധികൾ എന്നിവരെ സ്വാഗതം ചെയ്തു.

പ്രസിഡന്റ് ഡോ. സയ്ഫ് ഷെയ്ക്ക് വാർഷിക റിപ്പോർട്ടും, ട്രഷറർ അലി ആസാദ് റിസ്‌വി കണക്കും അവതരിപ്പിച്ചു. തുടർന്നു പ്രതിനിധികൾക്കു പരസ്പരം പരിചയപ്പെടുന്നതിനുള്ള അവസരമായിരുന്നു.

സമ്മേളനത്തിന്റെ മുഖ്യചർച്ചാ വിഷയത്തെക്കുറിച്ചുള്ള പ്രബന്ധം ഡോ. നസീം അൻസാരി, ഡോ. സാദിയ എന്നിവർ ചേർന്നു അവതരിപ്പിച്ചു. ഇന്ത്യൻ ഗവൺമെന്റ് മൈനോറട്ടി കമ്മീഷണർ പദ്മശ്രീ പ്രഫ. അക്തർ വാസെ ഗസ്റ്റ് സ്പീക്കറായിരുന്നു. തുടർന്നു നടന്ന ചർച്ചകളിൽ പ്രതിനിധികൾ സജീവമായി പങ്കെടുത്തു.

ശനിയാഴ്ച വൈകുന്നേരം ബാങ്ക്വറ്റ് ഡിന്നർ, കലാപരിപാടികൾ എന്നിവ നടത്തപ്പെട്ടു. ഇന്ത്യൻ കോൺസൽ ജനറൽ പി. ഹരീഷ് മുഖ്യാതിഥിയായി പങ്കെടുത്തു. അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി സ്ഥാപകർ സർ സയ്യിദ് വിദ്യാഭ്യാസരംഗത്തെ തുടങ്ങിവച്ച വിപ്ലവകരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു തയാറാകണമെന്നു ഹരീഷ് ഉദ്ബോധിപ്പിച്ചു. ശനിയാഴ്ചയിലെ സമ്മേളന പരിപാടികൾ അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി ഗാനാലാപനത്തോടെ സമാപിച്ചു. പെരെയ്സ് ജാഫ്റി നന്ദി പറഞ്ഞു. ഞായറാഴ്ച രാവിലെ ചർച്ചാ സമ്മേളനവും ചോദ്യോത്തരവേളയും നടത്തി. പ്രഫ.താഹിർ ഹുസൈൻ അധ്യക്ഷത വഹിച്ചു. തുടർന്ന് പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. അടുത്ത സമ്മേളനം ഫോനിക്സില് നടത്താൻ തീരുമാനിച്ചു.

# പാലാ-മീനച്ചിൽ താലൂക്ക് പിക്നിക്കും സമ്മേളനവും 11ന്

*ഷിക്കാഗോ:* പതിനഞ്ചാമത് പാലാ-മീനച്ചിൽ താലൂക്ക് പിക്നിക്കും സമ്മേളനവും 11 ശനിയാഴ്ച മോർട്ടൻഗ്രോവ് ലിൻവുഡ് പാർക്കിൽ നടത്തും.

പാലാ- മീനച്ചിൽതാലൂക്കിൽ നിന്നു ഷിക്കാഗോയിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്നവരുടെ കൂട്ടായ്മ നടത്തുന്ന പിക്നിക്കും സമ്മേളനവും രാവിലെ പതിനൊന്നു മുതൽ വൈകുന്നേരം ഏഴു വരെയാണു പരിപാടികൾ അരങ്ങേറുക.

പിക്നിക്കിന്റെ ഭാഗമായി എല്ലാവർഷവും നടത്തിവരുന്ന കുട്ടികൾക്കും മുതിർന്നവർക്കുമായുള്ള കലാ-കായിക മത്സരങ്ങൾ രാവിലെ പതിനൊന്നിനു തുടങ്ങുന്നതാണ്. നാടിന്റെ സംസ്കാരവും തനിമയും നിലനിർത്തുന്നതിനുള്ള ഈ കൂട്ടായ്മയിലേക്കു പാലാ മീനച്ചിൽ താലൂക്കിൽനിന്നുള്ള എല്ലാ പ്രദേശവാസികളെയും അഭ്യുദയകാംക്ഷികളെയും ഭാരവാഹികൾ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: പയസ് ഒറ്റപ്ലാക്കൽ (312 231 3345), സിബി പാറേക്കാട്ട് (847 209 1142), റ്റോമി വെള്ളൂക്കുന്നേൽ (630 730 9622).

# ഹൽഡിറാം ഉത്പന്നങ്ങളുടെ വില്പന അമേരിക്കയിൽ നിരോധിച്ചു

**പി.പി. ചെറിയാൻ**



*വാഷിംഗ്ടൺ ഡിസി:* മാഗി ഉത്പന്നങ്ങളുടെ വില്പന ഇന്ത്യയിലും പല വിദേശ രാജ്യങ്ങളിലും നിർത്തിവച്ചതിനു പുറകെ അമേരിക്കയിലെ ഇന്ത്യൻ സ്റ്റോറുകളിൽ സുലഭമായി ലഭിക്കുന്ന ഹൽഡിറാം ഉത്പന്നങ്ങളുടെ വില്പന അമേരിക്കയിൽ പൂർണമായും നിരോധിച്ചതായി യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ അറിയിച്ചു.

അമിതതോതിലുള്ള പെക്റ്റിസൈഡ്, ബാക്ടീരിയ എന്നിവ കണ്ടെത്തിയ ഹൽഡി ഉൽപന്നങ്ങളായ കുക്കീസ്, വാഫേഴ്സ്, ബിസ്ക്കറ്റ് എന്നിവയാണു നിരോധന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2014ൽ ഹൽഡിറാം ഉത്പന്നങ്ങളുടെ ഇറക്കുമതി നിരോധിച്ചിരുന്നു. 2015 ആദ്യ അഞ്ചുമാസത്തിനുള്ളിൽ ഇത്തരം ഉത്പന്നങ്ങളുടെ നിരോധനം മറ്റു രാജ്യങ്ങളേക്കാൾ ഇന്ത്യയെയാണു സാരമായി ബാധിച്ചിരിക്കുന്നത്.

ഇന്ത്യയിൽ ഉപയോഗിക്കുന്ന പെക്റ്റിസൈഡിന്റെ അളവ് യുഎസിൽ ഉപയോഗിക്കുന്നതിനേക്കാൾ കൂടുതലാണെന്നാണു യുഎസ് എഫ്ഡിഎ പറയുന്നത്.

ഹൽഡിറാം ഉത്പന്നങ്ങൾ തികച്ചും സുരക്ഷിതമാണെന്നാണു ഹൽഡിറാം കമ്പനി അവകാശപ്പെടുന്നത്. ഇന്ത്യൻ ഉത്പന്നമായ ഹൽഡി റാമിന്റെ വില്പന നിരോധിച്ചതിനെതിരേ എങ്ങനെയാണ് ഇന്ത്യ പ്രതികരിക്കുക എന്നതാണു പ്രവാസി ഇന്ത്യക്കാർ കാത്തിരിക്കുന്നത്.

# വിദ്യാഭ്യാസ പ്രതിഭ പുരസ്കാരത്തിനു അപേക്ഷകൾ ക്ഷണിച്ചു

*ഷിക്കാഗോ:* മലയാളി അസോസിയേഷൻ ഈ വർഷം ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാർഥികളിൽനിന്നു വിദ്യാഭ്യാസ പ്രതിഭ പുരസ്കാരത്തിനു അപേക്ഷകൾ ക്ഷണിച്ചു.

ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാർഥികളുടെ മാതാപിതാക്കൾ ഷിക്കാഗോ മലയാളി അസോസിയേഷനിൽ നിലവിൽ അംഗമാണങ്കിൽ പുരസ്കാരത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 31 ആണ്.

തൊമ്മൻ പൂഴികുന്നേൽ (ചെയർമാൻ), ടോമി അമ്പനാട്ട്, ബിജി സി.മാണി, ജിമ്മി കണിയാലി എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണു പുരസ്കാരത്തിന്റെ കാര്യങ്ങൾ ക്രോഡീകരിക്കുന്നത്. സാബു നടുവീട്ടിൽ സ്പോൺസർ ചെയ്ത ഉതുപ്പാൻ നടുവീട്ടിൽ മെമ്മോറിയൽ സ്കോളർഷിപ്പും പ്രശംസ പത്രവും പുരസ്കാര ജേതാവിനു ഓഗസ്റ്റ് 29നു (Maine East High School) നടക്കുന്ന ഓണാഘോഷ പരിപാടിയിൽ സമ്മാനിക്കും.

ACT യുടെ മാർക്ക്, ഹൈസ്കൂൾ GPA എന്നിവ കൂടാതെ മറ്റെല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങളും (Etxra Curricular Activities), സാമൂഹ്യ സേവന പ്രവർത്തനങ്ങളും മറ്റു കലാ, സംസ്കാരിക കഴിവുകളും അവലോകനം ചെയ്തതിനുശേഷമായിരിക്കും പുരസ്കാര ജേതാവിനെ നിർണയിക്കുക.

വിദ്യാഭ്യാസ പ്രതിഭ പുരസ്കാരത്തിന്റെ അപേക്ഷ ഫോറവും വിശദമായ വിവരങ്ങളും ഷിക്കാഗോ മലയാളി അസോസിയേഷൻ വെബ്സൈറ്റിൽ ലഭിക്കും. (www.chicago malayaleeassociation.org)

For Advertisement Tel: 267-991-2111
CONTACT US

# യുഎസ് വീസ വിതരണം 6ന് പുനരാരംഭിക്കും

**പി.പി. ചെറിയാൻ**

*വാഷിംഗ്ടൺ:* യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് വീസ സിസ്റ്റത്തിലുണ്ടായ സാങ്കേതിക തകരാർ മൂലം ജൂൺ ഒമ്പതു മുതൽ നിർത്തിവച്ചിരുന്ന വീസ ഇന്റർവ്യൂ, വീസ വിതരണം എന്നിവ ജൂലൈ ആറു മുതൽ പുനരാരംഭിക്കുമെന്ന് ജൂൺ 19 നു പുറത്തുവിട്ട ഔദ്യോഗിക വിജ്ഞാപനത്തിൽ പറയുന്നു.

ഒരാഴ്ചയായി മുടങ്ങി കിടന്നിരുന്ന വീസ നടപടികൾ ആരംഭിക്കുന്നതിനു നൂറോളം കംപ്യൂട്ടർ എൻജിനിയർമാർ 24 മണിക്കൂറും പ്രവർത്തന നിരതമായിരിക്കുന്നതായും വിജ്ഞാപനത്തിൽ ചൂണ്ടിക്കാട്ടി.

ജൂൺ 22 മുതൽ 26 വരെ ന്യൂഡൽഹി, യുഎസ് എംബസി, മുംബൈ, കോൽക്കത്ത, ചെന്നൈ, ഹൈദരാബാദ് കോൺസുലേറ്റുകളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന നോൺ ഇമിഗ്രന്റ് വീസ ഇന്റർവ്യുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്.

സാങ്കേതിക തകരാർ പരിഹരിക്കുന്നതോടെ അപേക്ഷകൾക്ക് വീസ ഇന്റർവ്യു തീയതിയും സമയവും ഇമെയിൽ, എസ്എംഎസ് മുഖേന ലഭിക്കും. വീസ വിതരണത്തിലുണ്ടായ പ്രതിസന്ധിമൂലം ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നവർക്ക് യുഎസ് അധികൃതർ ഖേദം പ്രകടപ്പിച്ചു.

അമേരിക്കയുടെ ദേശീയ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമായതിനാൽ വിശദമായ പരിശോധനകൾക്കു ശേഷമേ വീസ വിതരണം പുനരാരംഭിക്കാനാകൂ എന്നും അധികൃതർ വെളിപ്പെടുത്തി.

# കേരള റൈറ്റേഴ്സ് ഫോറം ചർച്ചാ സമ്മേളനം നടത്തി



*ഹൂസ്റ്റൺ:* അമേരിക്കൻ മലയാളി എഴുത്തുകാരുടെ കൂട്ടത്തിലും സമയം കൊല്ലികൾ മുതൽ പൈങ്കിളികളും മഞ്ഞക്കിളികളും വരെയുണ്ടെന്ന് പ്രസിദ്ധ സാഹിത്യകാരൻ പീറ്റർ ജി. പൗലോസ്.

സാഹിത്യത്തിന്റെ അംഗീകൃത മാനദണ്ഡങ്ങളെപ്പറ്റി കേരള റൈറ്റേഴ്സ് ഫോറത്തിന്റെ പ്രതിമാസ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

എഴുത്തും സാഹിത്യവും ഉൽഭവിച്ചതും തുടർന്നു പോന്നതും ചില അംഗീകൃത മാനദണ്ഡങ്ങളെ നിലനിർത്തിയാണ്. അതു പാലിക്കാത്ത രചനകൾ വെറും കാലികമായിരിക്കും. ഇന്നു സാഹിത്യകുപ്പായം അണിയാൻ വെമ്പൽ കൊള്ളുന്ന പലരും അതിനു അർഹരല്ല. സമയം കൊല്ലാനായി തട്ടിക്കൂട്ടുന്ന പൈങ്കിളി മുതൽ മഞ്ഞക്കിളി എഴുത്തുകൾക്ക് വരെ ദീർഘായുസില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഹൂസ്റ്റൺ കേന്ദ്രമായി പ്രവർത്തിക്കുന്ന എഴുത്തുകാരുടേയും നിരൂപകരുടെയും വായനക്കാരുടേയും ആസ്വാദകരുടേയും സംയുക്ത സംഘടനയായ കേരള റൈറ്റേഴ്സ് ഫോറം ജൂൺ 20നു വൈകുന്നേരം ഹൂസ്റ്റണിലെ സ്റ്റാഫോർഡിലുള്ള കേരള ഹൗസ് ഓഡിറ്റോറിയത്തിലായിരുന്നു സമ്മേളനം. ചർച്ചായോഗത്തിലെ അധ്യക്ഷനായി പ്രസിദ്ധ എഴുത്തുകാരൻ ടി.എൻ. സാമുവൽ സമ്മേളന നടപടികൾ നിയന്ത്രിച്ചു.

സാഹിത്യകാരനെ, സാഹിത്യത്തിനെ എഴുത്തുകാരനെ മാനദണ്ഡങ്ങൾ ഇല്ല. മാനദണ്ഡങ്ങളുടെ പേരിൽ സാഹിത്യകാരന്റെ ചിന്താശക്തിയേയും പ്രതിഭയേയും തളച്ചിടുന്നത് ഒട്ടും ആശാസ്യമല്ലെന്ന്ചർച്ചയിൽ പങ്കെടുത്ത പലരും അഭിപ്രായപ്പെട്ടു. എഴുത്തുകാരും ഭാഷാസ്നേഹികളുമായ മാത്യു മത്തായി, ജോസഫ് പൊന്നോലി, മാത്യു നെല്ലിക്കുന്ന്, ജോൺ മാത്യു, എ.സി.ജോർജ്, ദേവരാജ് കുറുപ്പ്, ഡോ. മാത്യു വൈരമൺ, ബി.ജോൺ കുന്തറ, വൽസൻ മഠത്തിപറമ്പിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് പ്രഭാഷണം നടത്തി. ബോബി മാത്യു, ഗ്രേസി നെല്ലിക്കുന്ന് എന്നിവർ പിതൃദിനം ആഘോഷിക്കുന്ന ദിവസത്തിൽ എല്ലാ പിതാക്കൾക്കും ആശംസകൾ അർപ്പിച്ചുകൊണ്ടു സംസാരിച്ചു.

# ഉറൂബിന്റെ ജന്മശതാബ്ദി വിചാരവേദി ആഘോഷിച്ചു



*ന്യൂയോർക്ക്:* വിചാരവേദി ഉറൂബിന്റെ ജന്മശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി ജൂൺ 14-നു കേരള കൾച്ചറൽ സെന്ററിൽ ചേർന്ന സാഹിത്യസദസിൽവച്ച് അദ്ദേഹത്തിന്റെ രചനകൾ ചർച്ച ചെയ്തു. ഡോ. എൻ.പി. ഷീല 'സൂര്യകാന്തി' എന്ന കവിത ചൊല്ലിക്കൊണ്ടാണു യോഗം ആരംഭിച്ചത്. ഉറൂബ് മലയാള സാഹിത്യത്തിന് നൽകിയിട്ടുള്ള സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നും ആദ്യത്തെ അവാർഡ് ചിത്രമായ നീലക്കുയിൽ എന്ന സിനിമയ്ക്ക് തിരക്കഥയും സംഭാഷണവും എഴുതിയ ഉറൂബ് സിനിമയുടെ ചരിത്രത്തിൽ സ്മരിക്കപ്പെടുമെന്നും സാംസി കൊടുമൺ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

നാടകരംഗത്തു ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന, അമേരിക്കൻ നാടകങ്ങളെക്കുറിച്ചുള്ള സമഗ്രമായ പഠനത്തിനായി ഫെലോഷിപ്പിൽ എത്തിയ പ്രഫ. ചന്ദ്രദാസിന്റെ സാന്നിധ്യം കൊണ്ടു സദസ് ധന്യമായി. മലയാള നാടകത്തിന്റെ നവോത്ഥാനത്തിന്റെ പ്രതീകമായ പ്രഫ.ചന്ദ്രദാസിനെ സന്തോഷ് പാല പരിചയപ്പെടുത്തി. വാസുദേവ് പുളിക്കലിന്റെ അവതരണത്തോടെ ഉറൂബ് സാഹിത്യ ചർച്ച ആരംഭിച്ചു.

ഡോ. എൻ.പി. ഷീല, ജോയൻ കുമരകം, ജോൺ വേറ്റം, പി.റ്റി. പൗലോസ്, ഡോ.നന്ദകുമാർ ചാണയിൽ എന്നിവർ പ്രസംഗിച്ചു.

വാർത്തകൾക്ക്...
Tel: 267-991-211 e-mail
:georgethazhakara@gmail.com

# മലാല ഡോക്കുമെന്ററി നാഷണല്‍ ജിയോഗ്രഫി ചാനലില്‍ ഒക്ടോബര്‍ 2ന്

പി.പി. ചെറിയാന്‍

*ലോസ് ആഞ്ചലസ്:* അക്കാദമി അവാര്‍ഡ് ജേതാവ് ഡേവിഡ് ഗഗന്‍ഹി മലാലയുടെ ജീവിതത്തെ ആസ്പദമാക്കി നിര്‍മിക്കുന്ന 'ഹി നെയിംഡ് മി മലാല' (HE NAMED ME MALALA) എന്ന ഡോക്കുമെന്ററി നാഷണല്‍ ജിയോഗ്രാഫിക് ചാനലുകള്‍ 171 രാജ്യങ്ങളില്‍ 45 ഭാഷകളില്‍ ഒക്ടോബര്‍ രണ്ടിനു പ്രദര്‍ശിപ്പിക്കുമെന്നു നാഷണല്‍ ജിയോഗ്രാഫിക് ചാനല്‍ അധികൃതര്‍ ജൂണ്‍ 18നു പ്രഖ്യാപിച്ചു.

പാക്കിസ്ഥാനിലെ സ്വാറ്റ് വാലിയിലുള്ള സ്കൂളില്‍നിന്നു വീട്ടിലേക്കു വരുന്ന വഴിയില്‍ ബസില്‍ താലിബാന്‍ ഭീകരര്‍ മലാലയ്ക്കു നേരേ നടത്തിയ ക്രൂരമായ ആക്രമണത്തില്‍ തലനാരിഴയ്ക്കാണ് മലാല രക്ഷപ്പെട്ടത്. 15-ാം വയസില്‍ നടന്ന സംഭവത്തിനു മുമ്പും പിമ്പും ഉള്ള സംഭവങ്ങള്‍ കോര്‍ത്തിണക്കിയാണു വാള്‍ട്ടര്‍ പാര്‍ക്കും ലാറി മെക്ഡൊണാള്‍ഡും അക്കാദമി അവാര്‍ഡ് ജേതാവ് ഡേവിഡ് ഗഗന്‍ഹിമും ചേര്‍ന്ന് ഡോക്കുമെന്ററി നിര്‍മിച്ചിരിക്കുന്നത്. നാഷണല്‍ ജിയോഗ്രാഫിക്ക് ചാനല്‍ ഫോക്സ് സെര്‍ച്ച് ലൈറ്റ് പിക്ച്ചേഴ്സും ചേര്‍ന്നുള്ള സംയുക്ത സംരംഭമാണിത്.

ആഗോള തലത്തില്‍ സ്ത്രീകളുടെ വിദ്യാഭ്യാസ അവകാശത്തിനായി എങ്ങനെയാണ് മലാലയും കുടുംബവും ഐതിഹാസിക സമരം നയിക്കുന്നതെന്നു ഡോക്കുമെന്ററിയിലൂടെ നിര്‍മാതാക്കള്‍ ലോക ജനതയെ ബോധവത്കരിക്കുന്നതിനുള്ള ശ്രമമാണു നടത്തിയിരിക്കുന്നത്.

# സെന്റ് ബര്‍ത്തലോമിയ വാര്‍ഡ് ദുക്റാന തിരുനാള്‍ പ്രസുദേന്തിമാര്‍



*ഷിക്കാഗോ:* സെന്റ് തോമസ് സീറോ മലബാര്‍ രൂപതയുടെ ഭദ്രാസന ദേവാലയമായ ബല്‍വുഡ് സീറോ മലബാര്‍ കത്തീഡ്രലില്‍ വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാള്‍ ജൂലൈ ആറു വരെ പ്രൗഢഗംഭീരമായും, ഭക്തിനിര്‍ഭരമായ പരിപാടികളോടെയും നടന്നുവരുന്നു.

ഈവര്‍ഷത്തെ തിരുനാള്‍ ഏറ്റെടുത്ത് നടത്തുന്നത് ഇടവകയിലെ 14 വാര്‍ഡുകളില്‍ ഒന്നായ വിശുദ്ധ ബര്‍ത്തലോമിയ (മോര്‍ട്ടന്‍ഗ്രോവ്-നൈല്‍സ്) വാര്‍ഡുകാരാണ്.

സിബി പാറേക്കാന്‍ (ജനറല്‍ കണ്‍വീനര്‍- 847 209 1142), പയസ് ഒറ്റപ്ലാക്കല്‍ (പ്രസിഡന്റ്- 312 231 3345), ലൗലി വില്‍സണ്‍ (സെക്രട്ടറി-312 330 4935), റ്റീന മത്തായി (ട്രഷറര്‍- 847 583 9103) തുടങ്ങിയവര്‍ നേതൃത്വം നല്‍കുന്ന വിവിധ കമ്മിറ്റികളും, പോള്‍ പുളിക്കന്‍ (708 743 6505), ഷാബു മാത്യു (630 649 4103), ആന്റണി ഫ്രാന്‍സീസ് (847 219 4897), മനീഷ് ജോസഫ് (847 387 9384) എന്നീ ട്രസ്റ്റിമാരും തിരുനാളിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി പ്രവര്‍ത്തിക്കുന്നു.

3 വെള്ളിയാഴ്ച മുതല്‍ ആറിനു ഞായറാഴ്ച വരെ എല്ലാദിവസവും പതിവു വിശുദ്ധ കുര്‍ബാനകള്‍ക്കു പുറമെ കലാ-സാംസ്കാരിക പരിപാടികളും, ഞായറാഴ്ച നഗരവീഥിയിലൂടെ ആഘോഷമായ പ്രദക്ഷിണവും വെടിക്കെട്ടും ഉണ്ടായിരിക്കും. പങ്കെടുക്കുന്ന എല്ലാവര്‍ക്കും സ്നേഹവിരുന്നും ക്രമീകരിക്കുന്നുണ്ട്.

ഇന്ത്യയ്ക്കു വെളിയില്‍, അത്യാധുനിക കേരളത്തനിമയില്‍ പണിതീര്‍ത്തിരിക്കുന്ന അതിവിശാലവും മനോഹരവുമായ കത്തീഡ്രല്‍ ദേവാലയം ദീപാലങ്കാരങ്ങളാലും, കൊടിതോരണങ്ങളാലും അലംകൃതമായിക്കഴിഞ്ഞു. നിരവധി വിശുദ്ധരുടെ തിരുശേഷിപ്പുകള്‍ വണക്കത്തിനായി സൂക്ഷിച്ചിരിക്കുന്ന ഈ ദേവാലയം തീര്‍ത്ഥാടന കേന്ദ്രമായിക്കൊണ്ടിരിക്കുകയാണ്.

വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാളില്‍ പങ്കെടുത്ത് വിശുദ്ധന്റെ മധ്യസ്ഥതയാല്‍ ദൈവാനുഗ്രഹങ്ങള്‍ പ്രാപിക്കാന്‍ ഏവരെയും വികാരി റവ. ഡോ. അഗസ്റ്റിന്‍ പാലയ്ക്കാപ്പറമ്പിലും, അസിസ്റ്റന്റ് വികാരി ഫാ. റോയി മൂലേച്ചാലിലും, പ്രസുദേന്തിമാരും, മറ്റ് ഭാരവാഹികളും ക്ഷണിക്കുന്നു. ഓഫീസ് ഫോണ്‍ : 708 544 7250.

# ഇന്ത്യന്‍ നഴ്സസ് അസോസിയേഷന്‍ ഓഫ് സൗത്ത് ഫ്ളോറിഡ നഴ്സസ് വീക്ക് ആഘോഷിച്ചു




*മയാമി:* ആതുരശുശ്രൂഷയെ ഉദാത്തവും പുണ്യകര്‍മവുമായി കാണുന്നതാണു നഴ്സിംഗിങ്ങെന്ന് മയാമി വെറ്ററന്‍സ് ഹോസ്പിറ്റല്‍ ചീഫ് നഴ്സിംഗ് ഓഫീസര്‍ മാര്‍സിയ ലൈസാറ്റ് അഭിപ്രായപ്പെട്ടു.

ഇന്ത്യന്‍ നഴ്സസ് അസോസിയേഷന്‍ ഓഫ് സൗത്ത് ഫ്ളോറിഡയുടെ നഴ്സസ് വാരാചരണത്തിന്റെ സമാപനസമ്മേളനത്തില്‍ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവര്‍.

നഴ്സസ് അസോസിയേഷന്‍ പ്രസിഡന്റ് അലീഷ കുറ്റ്യാനി അധ്യക്ഷത വഹിച്ചു. ഇന്ത്യന്‍ നഴ്സുമാര്‍ സൗത്ത് ഫ്ളോറിഡയില്‍ ചെയ്യുന്ന മഹത്തായ കാര്യങ്ങളെ അഭിനന്ദിച്ചുകൊണ്ട് പെംബ്രൂക്ക് പൈന്‍സ് നഗരസഭയുടെ വൈസ് മേയര്‍ ഐറീഷ് സിപ്പിള്‍ പരിപാടി ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം ആറിനു ആരംഭിച്ച സമ്മേളനത്തില്‍ ഡേവി സിറ്റി മേയര്‍ ജൂഡി പോള്‍, ഫോമാ നാഷണല്‍ പ്രസിഡന്റ് ആനന്ദന്‍ നിരവേല്‍, ഔവര്‍ ലേഡി ഓഫ് ഹെല്‍ത്ത് കാത്തലിക് ചര്‍ച്ച് വികാരി ഫാ. കുര്യാക്കോസ് കുമ്പുക്കീല്‍ തുടങ്ങിയവര്‍ ആശംസകള്‍ നേര്‍ന്നു.

കലാപരിപാടികള്‍ വാണി സുധീഷിന്റെ പ്രാര്‍ത്ഥനാ ഗാനാലാപനത്തോടെ ആരംഭിച്ചു. സനിലും ജസി വര്‍ക്കിയും, റിയയും ക്രിസ്റ്റീനയും, ആനും സനിലും ചേര്‍ന്ന് അവതരിപ്പിച്ച സംഘനൃത്തവും, സിനി ജോസിന്റെയും, സിജി സെന്നിയുടെയും ശ്രുതിമധുരമായ ഗാനങ്ങളും ശ്രദ്ധേയമായി. കരിക്കിനേത്ത് സില്‍ക്ക് വില്ലാജിയോയും, കേരള ഫാഷന്‍സ് മയാമിയും സ്പോണ്‍സര്‍ ചെയ്ത സാരിയും, ബോബ് എന്‍ക്ലക്സ് റിവ്യൂ സ്പോണ്‍സര്‍ ചെയ്ത ഗാലക്സി ടാബ്ലെറ്റും, റാഫിള്‍ ടിക്കറ്റിനുള്ള സമ്മാനമായി വിതരണം ചെയ്തു.

ജോജി കുര്യാക്കോസ് സ്വാഗതവും ബെന്‍സി കുര്യാക്കോസ് കൃതജ്ഞതയും പറഞ്ഞു. മേരി തോമസ് മാസ്റ്റര്‍ ഓഫ് സെറിമണിയായിരുന്നു.

ഡോ.ജോര്‍ജ് പീറ്റര്‍, ബോബി വര്‍ഗീസ്, അമ്മാള്‍ ബെര്‍ണാഡ്, കുഞ്ഞമ്മ കോശി, ബിജു ആന്റണി, സജോ പല്ലിശേരി, ഷിബു ജോസഫ്. ജിനോയി വി.തോമസ് എന്നിവര്‍ പരിപാടികള്‍ക്കു നേതൃത്വം നല്‍കി.

For Advertisement
CONTACT US
Tel: 267-991-2111

# ഹഡ്സണ്‍വാലി മലയാളി അസോസിയേഷന്‍ കുടുംബസംഗമവും അനുമോദന ചടങ്ങും നടത്തി

ജയപ്രകാശ് നായര്‍



*ന്യൂയോര്‍ക്ക്:* ഹഡ്സണ്‍ വാലി മലയാളി അസോസിയേഷന്റെ ഈ വര്‍ഷത്തെ കുടുംബസംഗമവും ഹൈസ്കൂള്‍ ഗ്രാജ്വേറ്റ്സിനെ അനവും സംയുക്തമായി ജൂണ്‍ 20 ശനിയാഴ്ച്ച ഓറഞ്ച്ബര്‍ഗിലുള്ള സിത്താര്‍ പാലസ് റസ്റ്ററന്റില്‍ നടന്നു.

സെക്രട്ടറി അലക്സ് എബ്രഹാമിന്റെ ആമുഖപ്രസംഗത്തോടെ ചടങ്ങ് ആരംഭിച്ചു. ലൊറേന മാത്യു പ്രാര്‍ത്ഥനാ ഗാനവും കാതറിന്‍ മാത്യു അമേരിക്കന്‍ ദേശീയഗാനവും ആലപിച്ചു. തുടര്‍ന്ന് പ്രസിഡന്റ് ഷാജിമോന്‍ വെട്ടം സ്വാഗതം ആശംസിക്കുകയും എല്ലാ ഗ്രാജ്വേറ്റ്സിനേയും അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. മദര്‍ തെരേസയുടെ പ്രവര്‍ത്തനങ്ങളെക്കുറിച്ച് അദ്ദേഹം തന്റെ സ്വാഗതപ്രസംഗത്തില്‍ അനുസ്മരിക്കുകയും അവരുടെ ജീവിതം എല്ലാവര്‍ക്കും ഒരു മാതൃകയാവട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. ജൂണ്‍ 27നു റോക്ക്‌ലന്‍ഡ് സ്റ്റേറ്റ് പാര്‍ക്കില്‍വച്ച് നടക്കുന്ന അസോസിയേഷന്റെ വാര്‍ഷിക പിക്നിക്കില്‍ എല്ലാവരും സകുടുംബം എത്തിച്ചേരണം എന്നും അദ്ദേഹം അഭ്യര്‍ത്ഥിച്ചു.

മുഖ്യാതിഥിയായി ചടങ്ങില്‍ പങ്കെടുത്ത എംഎ ബിരുദധാരിയും ഒഹായോ യൂണിവേഴ്സിറ്റിയില്‍ ഡോക്റ്ററല്‍ വിദ്യാര്‍ഥിയുമായ ഡേവിഡ് ജോണ്‍സണ്‍, ഗ്രാജ്വേറ്റ്സിനെ അനുമോദിച്ചു കൊണ്ട് സംസാരിച്ചു. ട്രസ്റ്റീ ബോര്‍ഡ് ചെയര്‍മാന്‍ വര്‍ഗീസ് ഉലഹന്നാന്‍ തന്റെ പ്രസംഗത്തില്‍, അസോസിയേഷന്റെ ഈ വര്‍ഷത്തെ പ്രവര്‍ത്തനത്തില്‍ താന്‍ അതീവ സന്തുഷ്ടനാണെന്നും, നിറഞ്ഞ സദസ് അതു തെളിയിക്കുന്നു എന്നും പറഞ്ഞു. ലെജിസ്ലേറ്റര്‍ ഡോ. ആനി പോള്‍, ഫൊക്കാന ട്രസ്റ്റീ ബോര്‍ഡ് ചെയര്‍മാന്‍ പോള്‍ കറുകപ്പിള്ളില്‍, ഫൊക്കാന സെക്രട്ടറി വിനോദ് കേയാര്‍കെ എന്നിവര്‍ വിദ്യാര്‍ഥികളെ അനുമോദിച്ചു സംസാരിച്ചു.

റോക്ക്‌ലാന്‍ഡ് കൗണ്ടിയില്‍നിന്നുള്ള സര്‍ട്ടിഫിക്കറ്റുകള്‍ മുഖ്യാതിഥി ഡേവിഡ് ജോണ്‍സണും അസോസിയേഷന്‍ നല്‍കുന്ന സര്‍ട്ടിഫിക്കറ്റുകള്‍ പ്രസിഡന്റ് ഷാജിമോന്‍ വെട്ടവും വിതരണം ചെയ്തു. റാഫിളിലൂടെ തെരഞ്ഞെടുത്ത കുട്ടികള്‍ക്കു പ്രത്യേക സമ്മാനങ്ങള്‍ നല്‍കി. അഷിത അലക്സ്, അഞ്ജലി വെട്ടം, സാലി നൈനാന്‍, റേച്ചല്‍ നൈനാന്‍, നേഹ റോയ്, മെറീന അലക്സ്, സാവനാ തോമസ്, റിയ കണ്ടന്‍കുളം, അബിഗൈല്‍ രജി, താനിയ എന്നിവര്‍ നൃത്തങ്ങള്‍ അവതരിപ്പിച്ചപ്പോള്‍ ജോയിസ് വെട്ടം, കാതറിന്‍ മാത്യു എന്നിവര്‍ ഗാനം ആലപിച്ചു.

കോ-ഓര്‍ഡിനേറ്റര്‍മാരായി ജോയിന്റ് സെക്രട്ടറി അജിന്‍ ആന്റണിയും, തോമസ് ഏലിയാസും പ്രവര്‍ത്തിച്ചു. എം.സിമാരായി ലൈസി അലക്സ്, തോമസ് ഏലിയാസ്, അജിന്‍ ആന്റണി എന്നിവര്‍ പ്രവര്‍ത്തിച്ചു.

വിഭവസമൃദ്ധമായ ഡിന്നറിനോടൊപ്പം വിവിധ കലാപരിപാടികളും ബെസ്റ്റ് കപ്പിള്‍സ് മത്സരം, ട്രഷര്‍ ഹണ്ടിംഗ് തുടങ്ങിയവ കുടുംബസംഗമത്തിന് മിഴിവേകി.

ബെസ്റ്റ് കപ്പിള്‍സ് ആയി ഏലമ്മ & ജോസഫ് ഇല്ലിപ്പറമ്പിലും വത്സ & ബെന്നി ജോസഫും തെരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറി അലക്സ് ഏബ്രഹാം കൃതജ്ഞത പ്രകാശിപ്പിച്ചു. ഇന്ത്യന്‍ ദേശീയ ഗാനത്തോടെ ചടങ്ങുകള്‍ പര്യവസാനിച്ചു.

2015 മെയ് 14

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

നിത്യചൈതന്യയതി സ്മാരകപ്രഭാഷണം

ബഹു. കേരള ഹൈക്കോർട്ട് ജഡ്ജ് ജസ്റ്റീസ് **ബാബു മാത്യു പി. ജോസഫ്**






(കഴിഞ്ഞ ലക്കത്തിന്റെ തുടരും)

ഒരു ഭാഗം സമ്പത്തിൽ മലപോലെയുയർന്ന് സുഖലോലുപരായി, ലോകത്തുകിട്ടാവുന്ന എല്ലാ സൗകര്യവുമായി കഴിയുന്നു. മറുഭാഗത്ത് അസുഖം വന്നാൽ ചികിത്സിക്കാൻ നിവൃത്തിയില്ല. ആഹാരമില്ല. പഠിപ്പിക്കാൻ നിവൃത്തിയില്ല. വീടില്ല, ഭൂമിയില്ല. എന്തെല്ലാം ദരിദ്രമായ അവസ്ഥയെ അവർ നേരിടണം. അങ്ങനെയാണ് ഇന്ത്യയുടെ സ്ഥിതി. സ്വാതന്ത്ര്യം നേടുമ്പോൾ മഹാഭൂരിപക്ഷവും പട്ടിണിക്കാരായിരുന്നു, നിരക്ഷരകുക്ഷികൾ. അഞ്ചരലക്ഷം ഗ്രാമങ്ങൾ ചേർന്നതാണ് ഇന്ത്യാമഹാരാജ്യം എന്നാണ് കണക്കാക്കിയിട്ടുള്ളത്. 640 നാട്ടുരാജ്യങ്ങൾ കൂടിച്ചേർന്നതാണ് ഇന്ത്യ. ഇതിൽ രണ്ടു ലക്ഷത്തോളം ഗ്രാമങ്ങളിൽ ഒരു ലോവർ പ്രൈമറി സ്കൂൾ പോലും ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള ഒരു രാജ്യത്ത് വലിയ അന്തരം നിലനിൽക്കുന്നത് മാറി എല്ലാവരും വിദ്യാഭ്യാസമുള്ളവരായി, വീടുള്ളവരായി, വസ്ത്രമുള്ളവരായി, ആഹാരമുള്ളവരായി, മരുന്നുള്ളവരായി, ചികിത്സാ സൗകര്യമുള്ളവരായി, ലോകം നേടിയിട്ടുള്ള വിജ്ഞാനവും സമ്പത്തും വളർച്ചയുമൊക്കെ കൈവരിച്ചവരായി മാറിത്തീരുക എന്ന സങ്കല്പമാണ് സോഷ്യലിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അടുത്തത് സെക്കുലർ എന്നതാണ്. അതുമായി ബന്ധപ്പെട്ട് അല്പം പറയണമെന്നെനിക്കുണ്ട്. സെക്കുലർ എന്ന് പറഞ്ഞാൽ സ്കൂൾ ടീച്ചേഴ്സ് പറയും മതേതരത്വം എന്ന്. ശരിയാണ്. മതത്തെ ആശ്രയിക്കാത്ത, മതത്തിൽ നിന്ന് വ്യതിരിക്തമായ, മതത്തിനും ഉപരിയായ, വ്യത്യാസമായ എന്നൊക്കെതന്നെ. എന്നാൽ അത് യഥാർത്ഥത്തിൽ സെക്കുലർ എന്ന പദത്തിന്റെ അർത്ഥം നല്കുന്നില്ല. 'മതനിരപേക്ഷത' എന്നു പറഞ്ഞാൽ കുറേക്കൂടി അംഗീകരിക്കാവുന്ന, ശരിയായ അർത്ഥം ലഭിക്കുമെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

ഇന്ത്യയിൽ ഭൂരിപക്ഷം ഹൈന്ദവരാണ്. ഹിന്ദുമതമാണ്. ക്രിസ്തുമതവും ഇസ്ലാം മതവും പാഴ്സിമതവും സിക്കുമതവും ജൈനമതവും ബുദ്ധമതവും ന്യൂനപക്ഷ മതങ്ങളിൽപ്പെടും. ഭൂരിപക്ഷമതത്തിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടാണോ സ്വതന്ത്രഭാരതം ഭരിക്കപ്പെടുന്നത്. അല്ല. ന്യൂനപക്ഷമതത്തിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടാണോ. അല്ല. ഇന്ത്യ എന്നു പറയുന്ന സ്വതന്ത്രയായ ഈ രാജ്യം ഭരിക്കപ്പെടേണ്ടത്, അത് കേന്ദ്രത്തിലാവട്ടെ, സംസ്ഥാനങ്ങളിലാവട്ടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാകട്ടെ, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ഇതര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കീഴിലുള്ള സ്ഥാപനങ്ങളിലാകട്ടെ ഇവയെല്ലാം ഭരിക്കപ്പെടേണ്ടത് ഭരണഘടനാ തത്ത്വങ്ങൾ അനുസരിച്ചിട്ടാണ്. അടുത്തകാലത്ത് പറഞ്ഞു കേൾക്കുകയുണ്ടായി, സോഷ്യലിസ്റ്റ്, സെക്കുലർ തുടങ്ങിയ പദങ്ങളൊന്നും ആവശ്യമില്ലായെന്ന്. പത്രത്തിൽ വായിച്ചതാണ്. ആരാണ് പറഞ്ഞതെന്ന് വായിച്ചവർക്ക് മനസ്സിലാകും. ഏതു സാഹചര്യത്തിലാണ് പറഞ്ഞതെന്നും മനസ്സിലാകും. ഞാൻ അതിലേക്ക് കടക്കുന്നില്ല.

മതങ്ങൾക്ക് അവയുടേതായ ഗ്രന്ഥങ്ങളുണ്ട്. നാം ആലോചിച്ച് മനസ്സിലുറപ്പിക്കേണ്ട കാര്യമാണിത്. ഹിന്ദുമത വിശ്വാസികൾക്ക് ഏറ്റവും പ്രിയപ്പെട്ടതാണ് ഭഗവത്ഗീത. അതേപോലെ പ്രിയപ്പെട്ടതാണ് ക്രിസ്ത്യാനികൾക്ക് ബൈബിൾ. അതുപോലെതന്നെ പ്രിയപ്പെട്ടതാണ് ഇസ്ലാമിന് ഖുർ ആൻ. ഗുരുഗ്രന്ഥസാഹിബ് അതുപോലെ പ്രധാനപ്പെട്ടതാണ് സിക്കുകാർക്ക്. ജൈനന്മാർക്ക് അവരുടേതായ ഗ്രന്ഥമുണ്ട്. പാഴ്സികൾക്ക് അവരുടേതായ ഗ്രന്ഥമുണ്ട്. ബുദ്ധമതക്കാർക്ക് അവരുടേതായ ഗ്രന്ഥമുണ്ട്. നാനാമതത്തിൽപ്പെടുന്ന ആളുകൾക്ക് അവരുടെ മതത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങൾ, അവർ വിശ്വസിക്കുന്ന ഗ്രന്ഥങ്ങളുണ്ട്. എല്ലാം ഉത്കൃഷ്ടമായ ഗ്രന്ഥങ്ങളാണ്. ബൈബിൾ ഉത്കൃഷ്ടമാണ്. ഭഗവത്ഗീത ഉത്കൃഷ്ടമാണ്. ഖുർ ആൻ ഉത്കൃഷ്ടമാണ്. ഇതിനൊന്നും തർക്കമില്ല. അങ്ങോട്ടും ഇങ്ങോട്ടും അവയിലടങ്ങുന്ന ശ്രേഷ്ഠമായ ആശയങ്ങൾ സ്വീകരിക്കുന്നതും അഭികാമ്യങ്ങളായ കാര്യങ്ങളാണ്. ഭഗവത്ഗീതയിൽ പറയുന്ന മൂല്യങ്ങൾ ക്രിസ്ത്യാനിക്ക് പിൻതുടരാം. ബൈബിൾ പറയുന്ന മൂല്യങ്ങൾ ഹിന്ദുവിന് പിൻതുടരാം. ക്രിസ്ത്യാനിയും ഹിന്ദുവും തുടർന്ന മൂല്യങ്ങൾ ഇസ്ലാമിനു പിൻതുടരാം. ആർക്കും ആരുടേയും മതമൂല്യങ്ങൾ, ശ്രേഷ്ഠമായ തത്ത്വങ്ങൾ പിൻതുടരുന്നതിന് ഒരു തടസ്സവുമില്ല. ഓരോരുത്തർക്കും അവരുടെ മതത്തിന്റെ അടിസ്ഥാന ഗ്രന്ഥം വെച്ചുപുലർത്താനും, പ്രചരിപ്പിക്കാനും, വിശ്വസിക്കുവാനും അവകാശമുണ്ട്. എന്നാൽ രാജ്യത്തിന്റെ ഗ്രന്ഥമേതാണ്. ഹിന്ദുവിന്റെ ഗ്രന്ഥം ഏതെന്നല്ല, ഇസ്ലാമിന്റെ ഗ്രന്ഥം ഏതെന്നല്ല, ക്രിസ്ത്യാനിയുടെ ഗ്രന്ഥമേതെന്നല്ല ചോദ്യം. ഇന്ത്യയുടെ ഗ്രന്ഥം ഏതെന്നാണ്. വിശ്വാസമില്ലാത്തവരും, വിശ്വസിക്കുന്നവരും ഒക്കെ അടങ്ങുന്ന 125 കോടി ഭാരതീയരുടെ ഗ്രന്ഥമേത് എന്നു ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളു. അത് ഇന്ത്യയുടെ ഭരണഘടനയാണ്.

ആർക്കും ആരുടേയും മതമൂല്യങ്ങൾ, ശ്രേഷ്ഠമായ തത്ത്വങ്ങൾ പിൻതുടരുന്നതിന് ഒരുതടസ്സവുമില്ല. ഓരോരുത്തർക്കും അവരുടെ മതത്തിന്റെ അടിസ്ഥാന ഗ്രന്ഥം വെച്ചുപുലർത്താനും, പ്രചരിപ്പിക്കാനും, വിശ്വസിക്കുവാനും അവകാശമുണ്ട്. എന്നാൽ രാജ്യത്തിന്റെ ഗ്രന്ഥമേതാണ്. ഹിന്ദുവിന്റെ ഗ്രന്ഥം ഏതെന്നല്ല, ഇസ്ലാമിന്റെ ഗ്രന്ഥം ഏതെന്നല്ല, ക്രിസ്ത്യാനിയുടെ ഗ്രന്ഥമേതെന്നല്ല ചോദ്യം. ഇന്ത്യയുടെ ഗ്രന്ഥം ഏതെന്നാണ്. വിശ്വാസമില്ലാത്തവരും, വിശ്വസിക്കുന്നവരും ഒക്കെ അടങ്ങുന്ന 125 കോടി ഭാരതീയരുടെ ഗ്രന്ഥമേത് എന്നു ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളു. അത് ഇന്ത്യയുടെ ഭരണഘടനയാണ്.

പാകിസ്ഥാനെ ഭരിക്കുന്നത് ഇസ്ലാം മതതത്ത്വമാണ്. പല ഗൾഫ് നാടുകളേയും ഭരിക്കുന്നത് ഇസ്ലാം മത തത്ത്വങ്ങളാണ്. അത് മതത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള രാഷ്ട്രങ്ങളായതുകൊണ്ടാണ്. എന്നാൽ ഇന്ത്യ അതല്ല. ഇന്ത്യ ഒരു സെക്കുലർ സ്റ്റേറ്റാണ്. മതനിരപേക്ഷമായ രാജ്യമാണ്. ഭരണഘടനയുടെ ആമുഖത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഓരോ വകുപ്പുകളിലായി ഉൾക്കൊള്ളുന്നുണ്ട്. അവിടെ കേന്ദ്രഭരണമുണ്ട്. ആ ഭരണം പാർലമെന്ററി ജനാധിപത്യക്രമത്തിലുള്ളതാണ്. സംസ്ഥാനത്തുണ്ട് മന്ത്രിസഭ. അവിടെയും നിയമസഭയുണ്ട്. എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. യൂണിയൻ ടെറിറ്ററികളുണ്ട്. പ്രസിഡന്റുണ്ട്. അദ്ദേഹത്തിന് എന്ത് അധികാരം, ഗവർണർക്ക് എന്തധികാരം, സുപ്രീം കോടതിക്ക് എന്തധികാരം, ജഡ്ജിമാരെ എങ്ങനെ നിയമിക്കുന്നു, ആരാണ് സുപ്രിംകോടതി ചീഫ് ജസ്റ്റീസ്, സ്റ്റേറ്റ് ജുഡീഷ്യറി എന്താണ്, സബോർഡിനേറ്ററി ജുഡീഷ്യറി, കേന്ദ്ര സംസ്ഥാന ബന്ധങ്ങളെന്ത്, കേന്ദ്ര പാർലമെന്റിന് നിയമം നിർമ്മിക്കാൻ ഏതെല്ലാം മേഖലകളിൽ അവകാശം, സംസ്ഥാന നിയമസഭകൾക്ക് എന്തെല്ലാം അവകാശങ്ങൾ, കേന്ദ്രത്തിനും സംസ്ഥാനത്തിനും പൊതുവായിട്ടുള്ള അവകാശമെന്ത്, അതേതെല്ലാം എന്നു തുടങ്ങി സംസ്ഥാനാന്തരവ്യവസായം, വാണിജ്യം, സഞ്ചാരം എന്നു വേണ്ട എന്തെല്ലാം കാര്യങ്ങളുണ്ടോ അതെല്ലാം ഭരണഘടനയിലുണ്ട്.

മൗലികമായ അവകാശങ്ങൾ, ഭരിക്കുന്നവരെ നയിക്കേണ്ട മാർഗ്ഗനിർദ്ദേശ തത്ത്വങ്ങൾ, മൗലികമായ നമ്മുടെ ചുമതലകൾ ഇവയെല്ലാം സവിസ്തരം, കൃത്യതയോടെ ഈ ഭരണഘടനയിൽ വിവരിച്ചിട്ടുണ്ട്. ആ ഭരണഘടന അനുസരിച്ചു വേണം ഇവിടെ ഹിന്ദു മുഖ്യമന്ത്രിയായാലും, ഇസ്ലാം പ്രധാനമന്ത്രിയായാലും ഏതു മതത്തിലോ ജാതിയിലോ പെടുന്നയാൾ ഭരണത്തിൽ വന്നാലും അവരെയെല്ലാം നയിക്കേണ്ടത്. അവർ വിശ്വസിക്കുന്ന ജാതിയുടെയോ മതത്തിന്റെയോ തത്ത്വങ്ങളല്ല, മറിച്ച് ഇന്ത്യൻ ഭരണഘടനയുടെ തത്ത്വങ്ങൾ മാത്രമാണ് അംഗീകരിക്കേണ്ടത്. ഈ ഭരണഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ രാജ്യത്തിന് പ്രവർത്തിക്കാൻ കഴിയൂ; പ്രവർത്തിക്കാൻ പാടുള്ളു.

മതങ്ങൾക്ക് അവയുടെ വിശ്വാസമാകാം. ആർട്ടിക്കിൾ 90ൽ ഇതു പറയുന്നുണ്ട്. അവിടെ ഫണ്ടമെന്റൽ റൈറ്റായിട്ട് പറയുന്നുണ്ട്. അവകാശരൂപത്തിൽ തന്നെ വിശ്വസിക്കുവാനും, ചിന്തിക്കുവാനും പ്രചരിപ്പിക്കുവാനും ആരാധിക്കുവാനുമൊക്കെയുള്ള അവകാശം നമുക്ക്. ഇന്ത്യാ മഹാരാജ്യത്തിൽ എവിടെയും യാത്ര ചെയ്യുവാനുള്ള അവകാശമുണ്ട്. ഏതു തൊഴിലും സ്വീകരിക്കാം. ഏതു വ്യാപാരമേഖലയിലും പ്രവർത്തിക്കാം. ഇതുപോലെ സമ്മേളിക്കാം. സംഘടനകൾ ഉണ്ടാക്കാം. നാനാവിധമായ മൗലികമായ അവകാശങ്ങൾ ഭരണഘടന പ്രദാനം ചെയ്യുന്നുണ്ട്. ഭരണം നിർവ്വഹിക്കേണ്ട മാർഗ്ഗനിർദേശ തത്ത്വങ്ങളിൽ അന്തർലീനമായിട്ടുള്ള ആ വകുപ്പുകൾ പരിശോധിച്ചാൽ മനസ്സിലാകും.

പിന്നാക്കം നിൽക്കുന്ന രാജ്യമായ ഇന്ത്യ സ്വതന്ത്രമായപ്പോൾ നാനാമേഖലകളിൽ എങ്ങനെ മഹത്തരമായി വളര

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം





ണം, വളർന്നുകൊണ്ടേയിരിക്കണം എന്നു ചൂണ്ടിക്കാണിക്കുന്ന ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശ തത്ത്വങ്ങളുണ്ട്. സ്ത്രീയും പുരുഷനും തുല്യനീതി. തുല്യശമ്പളം. എല്ലാമേഖലയിലും എല്ലാവരും ഒരുപോലെ തങ്ങളുടെ സ്വത്ത് വിഭജനം ചെയ്യുന്ന യൂണിഫോം സിവിൽകോഡ് എന്നു തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഭരണഘടനയിലുണ്ട്.

മതവിശ്വാസികൾക്ക് അവരുടെ വിശ്വാസമനുസരിച്ച്, ആ വിശ്വാസം ഉയർത്തിപ്പിടിച്ചുകൊണ്ട് ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും, പ്രചരിപ്പിക്കുവാനും ആരാധിക്കുവാനും അവകാശമുണ്ട്. ഭൂരിപക്ഷ മതമായ ഹിന്ദുക്കൾ ഭൂരിപക്ഷമായതുകൊണ്ട് കൂടുതൽ അവകാശം അവർക്കും; കുറച്ച് ആളുകളുള്ള ക്രിസ്ത്യാനികൾക്ക് കുറഞ്ഞ അവകാശവും അല്ല, മഹാഭൂരിപക്ഷമായ ഹൈന്ദവർക്കും ഭൂരിപക്ഷമില്ലാത്ത അതീവ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കും പാഴ്സികൾക്കും ജൈനന്മാർക്കും ഒക്കെയുള്ള ഈ അവകാശം ഒരേ അളവിലാണെന്നു മാത്രം. ഭൂരിപക്ഷമുള്ളതുകൊണ്ട്, ശക്തി കൂടുതൽ ഉള്ളതുകൊണ്ട് നമുക്ക് ആരുടേയും മേലെ നമ്മുടെ അധീശത്വം അംഗീകരിപ്പിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നില്ല. നമുക്കുള്ളതുപോലെയുള്ള അവകാശം അവർക്കുമുണ്ട് എന്ന് അംഗീകരിക്കാൻ കഴിയണം. ഈശ്വരനിലും ജാതിയിലും മതത്തിലുമൊക്കെ നമുക്കു വിശ്വസിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ, അതിലൊന്നും വിശ്വാസമില്ലാത്ത ലക്ഷക്കണക്കിന് മനുഷ്യരും ഈ രാജ്യത്തു ജീവിക്കുന്നുണ്ട്. അവർക്ക് ഈശ്വരനിൽ വിശ്വാസമില്ലാതെ, ജാതിവ്യവസ്ഥയിൽ വിശ്വാസമില്ലാതെ, ജീവിക്കാനുള്ള അവകാശവും ഭരണഘടന തന്നെ പ്രദാനം ചെയ്യുന്നു. സെക്കുലറിസം എന്നു പറഞ്ഞാൽ അതും ഉൾക്കൊള്ളുന്നതാണ്. നമുക്ക് മതത്തിലും ജാതിയിലും വിശ്വസിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ സെക്കുലർ സ്റ്റേറ്റിൽ അതിൽ വിശ്വാസമില്ലാത്തവർക്ക് അതു പുലർത്തുവാനും ആചരിക്കുവാനും ഉള്ള സ്വാതന്ത്ര്യമുണ്ട്. ഇതെല്ലാം മൗലികമായി ഇന്ത്യയിലെ പൗരന്മാർ അടിവരയിട്ട് അംഗീകരിച്ചാൽ മാത്രമെ നാനാമേഖലയിൽ പിന്തള്ളിക്കിടക്കുന്ന ഈ രാജ്യത്തെ ഒരുമിച്ചൊരുമിച്ചുനിന്ന് കൈപിടിച്ചുയർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളുവെന്ന യാഥാർത്ഥ്യം കൂടി നാം മനസ്സിലാക്കണം.

പലതരം ഡിമോക്രസിയുണ്ട്. അമേരിക്കൻ ഡിമോക്രസിയിൽ പ്രസിഡൻഷ്യൽ ഭരണസംവിധാനമാണ്. അമേരിക്കൻ കോൺഗ്രസുണ്ട്, പാർലമെന്റുണ്ട്. എന്നാൽ പ്രസിഡിന്റനാണ് അധികാരം. ഇവിടെ പ്രസിഡന്റ് ടൈറ്റിൽ ഹെഡാണ്. ചുരുങ്ങിയ അധികാരങ്ങളെ തനതായിട്ടുള്ളു. ഡിമോക്രസി എന്നു നമ്മുടെ ഭരണഘടനയിൽ ഉദ്ദേശിച്ചിരിക്കുന്നത് പാർലമെന്ററി ഡിമോക്രസിയാണ്. അതും പ്രധാനമായും രാഷ്ട്രീയപാർട്ടികൾ ഉൾക്കൊള്ളുന്ന പാർലമെന്ററി ഡിമോക്രസി. അങ്ങനെയുള്ള ജനാധിപത്യരാജ്യമാണ് ഇന്ത്യ.

പലതരം ഡിമോക്രസിയുണ്ട്. അമേരിക്കൻ ഡിമോക്രസിയിൽ പ്രസിഡൻഷ്യൽ ഭരണസംവിധാനമാണ്. അമേരിക്കൻ കോൺഗ്രസുണ്ട്, പാർലമെന്റുണ്ട്. എന്നാൽ പ്രസിഡിന്റനാണ് അധികാരം. ഇവിടെ പ്രസിഡന്റ് ടൈറ്റിൽ ഹെഡാണ്. ചുരുങ്ങിയ അധികാരങ്ങളെ തനതായിട്ടുള്ളു. ഡിമോക്രസി എന്നു നമ്മുടെ ഭരണഘടനയിൽ ഉദ്ദേശിച്ചിരിക്കുന്നത് പാർലമെന്ററി ഡിമോക്രസിയാണ്. അതും പ്രധാനമായും രാഷ്ട്രീയപാർട്ടികൾ ഉൾക്കൊള്ളുന്ന പാർലമെന്ററി ഡിമോക്രസി. അങ്ങനെയുള്ള ജനാധിപത്യരാജ്യമാണ് ഇന്ത്യ.

റിപ്പബ്ലിക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭൂരിപക്ഷത്തിന്റെ ഹിതം അനുസരിച്ച് ഭരണം നടക്കുന്ന അവസ്ഥയാണ്. ഒരു ന്യൂനപക്ഷത്തിന്റേതല്ല. രാജ്യത്തെ മഹാഭൂരിപക്ഷത്തിന്റെയും ഇംഗിതമനുസരിച്ച് ഭരണം നടക്കുന്ന അവസ്ഥ നിലനിൽക്കുന്ന ഒരു പാർലമെന്ററി സംവിധാനമാണത്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കേന്ദ്രപാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സമ്മേളിച്ച് അവരുടെ പ്രതിനിധികളായി മന്ത്രിമാരും മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും ഒക്കെയുള്ള ഒരു പാർലമെന്ററി ജനാധിപത്യ സംവിധാനമാണ് ഇന്ത്യയിലുള്ളത്. സോവറിൻ, സോഷ്യലിസ്റ്റ്, സെക്കുലർ ഡിമോക്രാറ്റിക് റിപ്പബ്ലിക് എന്നു ചുരുക്കത്തിൽ പറയാം.

എന്തിനുവേണ്ടിയാണ് രാജ്യം ഇങ്ങനെ ഒന്നുണ്ടാക്കിയത്? JUSTICE, LIBERTY, EQUALITY, FRATERNITY ഇവ രാജ്യത്തെ പൗരന്മാർക്ക് ലഭിക്കുവാൻ.

തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും ഈ രാജ്യത്തു പാടില്ല. സാമൂഹികമായ നീതി ഉണ്ടാവണം. വകുപ്പ് 17 പ്രകാരം തൊട്ടുകൂടായ്മ നിരോധിച്ചുകഴിഞ്ഞു. കേരളത്തിൽ ഇത് നടപ്പായികഴിഞ്ഞു. ഇത് തിരിച്ചുവരുത്താൻ വേണ്ടിയുള്ള ശ്രമമൊക്കെ ബോധപൂർവ്വം നടക്കുന്നുണ്ട്. നടക്കട്ടെ, കേരളത്തിൽ അത് പരാജയപ്പെടുകതന്നെ ചെയ്യും. സാമൂഹികജീവിതത്തിൽ തുല്യമായ നീതി ലഭിക്കണമെങ്കിൽ ഈ ഒറ്റക്കാര്യം മാത്രം പോരാ. സമ്പത്തുവേണം. സമ്പത്തും തുല്യമായി വീതിക്കപ്പെടണം. ഇന്ത്യ ഒരു ദരിദ്രരാജ്യമാണെന്നു പറയാറുണ്ട്. തീർത്തും തെറ്റാണ്. ലോകത്തെ അതിസമ്പന്നമായ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയുടെ ധാതുക്കൾ, ലവണങ്ങൾ, വനപ്രദേശം ഇതെല്ലാം വിലമതിക്കാനാവാത്ത, ബൃഹത്തായ അമൂല്യമായ സമ്പത്താണ്. അടുത്തകാലത്ത് അതിന്റെ വിനിയോഗങ്ങളുടെ ചില കണക്കുകൾ പത്രങ്ങളിൽ നാം വായിച്ചു. ആ കണക്കുകൾ കാണിക്കുന്നത് എത്രയോ സമ്പത്ത് ആ മേഖലയിൽ ഇന്ത്യയ്ക്കുണ്ട് എന്നാണ്.

നാനാമേഖലയിൽ സമ്പന്നമാണ് ഈ രാഷ്ട്രം. ആ സമ്പത്ത് ആർക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നു, ആര് ആ സമ്പത്ത് ഊറ്റിയെടുക്കുന്നു, ഉപയോഗിക്കുന്നു, എന്തിനുവേണ്ടി ഉപയോഗിക്കുന്നു. അതിന്റെ ഗുണം ഞാനും നിങ്ങളുമടങ്ങുന്ന സാധാരണക്കാരായ മനുഷ്യരിലേക്ക് എത്തുന്നുണ്ടോ? സാധാരണക്കാർക്ക് ഈ രാജ്യത്തിന്റെ സമ്പത്തിൽ പങ്കാളിത്തം ലഭിക്കുന്നുണ്ടോ? ആർക്കാണ് പങ്കാളിത്തം ലഭിക്കുന്നത്? അതാണ് ചോദ്യം. അത് എല്ലാവർക്കും നീതി ലഭിക്കുംവിധത്തിൽവേണം. രാഷ്ട്രത്തിന്റെ സമ്പത്തിൽ എല്ലാവർക്കും പങ്കാളിത്തമുള്ളതുപോലെ വിതരണം ചെയ്യപ്പെടണം. അത് ഇന്ന് വിതരണം ചെയ്യപ്പെടുന്നില്ല. സോഷ്യലിസ്റ്റ് എന്നെഴുതിവെച്ചിട്ട് സമ്പത്തിന്റെ നല്ലൊരു പങ്ക് ലക്ഷക്കണക്കിന് കോടി ആസ്ഥിയുള്ളവരുടെ കൈകളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യമാണ് ഇവിടെ നിലനിൽക്കുന്നത്.

ഉത്തരേന്ത്യയിൽ ചില രാജകുടുംബങ്ങൾ പ്രസംഗിക്കുമ്പോൾ അവരുടെ മുന്നിൽ വെളുത്ത തുണി മറയായി പിടിച്ചിരിക്കും. നേരിട്ട് കാണാതിരിക്കാൻ. തീണ്ടലുണ്ടാവും. സ്ക്രീൻ വെച്ചുകെട്ടി പ്രസംഗിച്ചാൽപോലും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോട് അവർ വിജയിക്കും. അന്ധമായ രാജാധിപത്യത്തോടുള്ള ആഭിമുഖ്യം. വാസ്തവത്തിൽ ഇത് കേരളത്തിലില്ല. രാഷ്ട്രീയധികാരം ഏതെങ്കിലും കക്ഷിയുടെ മാത്രം കൈകളിലല്ല, ജനങ്ങൾക്കുള്ള അധികാരമായി അത് മാറണം.

LIBERTY of thought, expression, belief, faith and worship. ചിന്തിക്കാനും പ്രസംഗിക്കാനും പ്രചരിപ്പിക്കാനും വിശ്വസിക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കും ഉണ്ടാവണം. ഇക്വാളിറ്റി എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്. ഇന്ത്യൻ പ്രധാനമന്ത്രിയും സാധാരണ പൗരനും ഒന്നാണ് എന്നു പറയുന്നതിൽ അർത്ഥമില്ല. ആ വ്യത്യാസം മനസ്സിലാക്കുവാൻ നമുക്കു കഴിയണം. ഇക്വാളിറ്റി ഓഫ് സ്റ്റാറ്റസ് എന്നു പറഞ്ഞാൽ പൗരന്മാരെ അന്തസ്സിന്റെ പേരിൽ വേർതിരിക്കുന്ന, അല്ലെങ്കിൽ കുറേപ്പേരെ അടിമകളായി കാണുന്ന, കുറേപ്പേരുടെ മീതെ അധികാരമുള്ളവരായി കാണുന്ന അവസ്ഥ മാറണം എന്നതാണ്. എനിക്കും നിങ്ങൾക്കും ഈ സമൂഹത്തിൽ തുല്യമായ അന്തസ്സുണ്ടാവണം. പുതിയതായിട്ട് തൊഴിലുകളുണ്ടാകുന്നു. അല്ലെങ്കിൽ പല അവസരങ്ങൾ രാജ്യത്തുണ്ടാകുന്നു. സ്പോർട്സിൽ പങ്കെടുക്കാൻ അവസരം. കലയിൽ പങ്കെടുക്കാൻ അവസരം. വ്യത്യസ്തമേഖലയിലുള്ള അവസരങ്ങൾ. ഇതെല്ലാം എല്ലാ പൗരന്മാർക്കും തുല്യമായി അവകാശപ്പെട്ടതാവണം. അതിനാണ് പബ്ലിക് സർവ്വീസ് കമ്മീഷൻപോലുള്ള സ്ഥാപനങ്ങൾ. എല്ലാവർക്കും ഈ പ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഭരണക്രമം ഇവിടെ സംജാതമാകണം. അത് പരിപാലിക്കപ്പെടണം. അന്തസ്സിലും അവസരത്തിലും സമത്വത്തിലും.

125 കോടി സ്ത്രീപുരുഷന്മാരുടെ ഇടയിൽ സാഹോദര്യം പുലരണം. സ്നേഹത്തിൽ എല്ലാവരെയും പരസ്പരം അംഗീകരിക്കുന്ന സാഹോദര്യം കളിയാടണം. വ്യക്തിയുടെ അന്തസ്സ് പരിപാലിക്കപ്പെടണം. എല്ലാവരും തമ്മിൽ ഒഴുകി പരക്കാനുള്ള ആ സ്വാതന്ത്ര്യം. ഭരണഘടനയുടെ തത്ത്വങ്ങൾ മുറുകിപിടിച്ചുകൊണ്ട് ഏകോദരസഹോദരങ്ങളെപ്പോലെ വ്യക്തിയുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ട് സാഹോദര്യം വളരണം. ആ സാഹോദര്യം വളർത്തുമ്പോൾ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പരിപാലിക്കപ്പെടണം. ഞങ്ങൾ ഏകോദര സഹോദരങ്ങളാണെന്നു പറഞ്ഞുകൊണ്ട് രാജ്യത്തെ ദ്രോഹിക്കാൻ കൂട്ടുനിൽക്കുന്ന ചില പ്രവണത നാം കണ്ടിട്ടുണ്ട്. അത്തരം പ്രവണതകൾ ഈ ഭരണഘടനയ്ക്ക് അന്യമായിട്ടുള്ളതാണ്. രാജ്യത്താകെ സാഹോദര്യം പുലരണം. ഇതാണ് ഇൻഡ്യൻ ഭരണഘടനയുടെ ആമുഖം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ വിപുലമായ വകുപ്പുകളാണ് ഈ ഭരണഘടനയ്ക്കകത്ത് ആകെയുള്ളത്.

സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ഈ രാജ്യത്ത് 46 കോടി ജനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 125 കോടി വർദ്ധിച്ചിരിക്കുന്നു. ഒരുപാട് വളർച്ച ഈ രാജ്യം നേടിയിട്ടുണ്ട്. വിദ്യാഭ്യാസത്തിൽ നേടിയിട്ടുണ്ട്. സമ്പത്തിൽ നേടിയിട്ടുണ്ട്. റെയിൽ ഗതാഗതം വർദ്ധിച്ചിട്ടുണ്ട്. റോഡ് ഗതാഗതം വളരെ വിസ്തൃതമായിട്ടുണ്ട്. ഒരുപാടു മേഖലകളിൽ വികാസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്നും വികസിക്കാത്ത മേഖലകൾ ഉണ്ട്. പ്രത്യേകിച്ച് ആരോഗ്യരംഗം.

*അടുത്ത ലക്കത്തിൽ സമാപിക്കും*

## നാമൊന്ന്

**ഡോ. മാവേലിക്കര അച്യുതൻ**

ഏകജാതിതൻ ജയനിർഘോഷമെങ്ങും മൂക-
ലോകമേയിതുകേട്ടു നിദ്രവിട്ടുണരുക!
ഏകലോകാദർശം നാം നെഞ്ചിലേറ്റുക ലോക-
രേവരും സ്നേഹോഷ്മളമാശ്ലേഷം നടത്തുക!
ജാതിതൻ പേരുംചൊല്ലിയിനിമേലിവിടാരും
സോദരരക്തം ചിന്താൻപാടില്ല പരസ്പരം
മൗക്തികമാലപോലെ തിളങ്ങും കവിഗണ-
സൂക്തികൾകൊണ്ടു കണ്ഠശോഭ നാം വളർത്തണം!
ജാതിവൈരത്താൽ തീർത്ത ചുടലക്കളങ്ങളിൽ
ജാതരായുള്ളപൊള്ളയായ പാഴ്മുളകളേ
നരജീവിതങ്ങളിൽ ജളജല്പനങ്ങളാൽ
നരകം ചമയ്ക്കുവാൻ മുതിരേണ്ടിനി നിങ്ങൾ
ആവശ്യമിന്നു വിശ്വപ്രേമഗാനാലാപനം
പൂവിടട്ടിനി ഭൂവിൽ ശാശ്വതസമാധാനം!!

അനുസ്മരണം ജൂലൈ 17





# ഹിറ്റുകളുടെ സംവിധായകൻ വർക്കിജോൺ എന്ന ശശികുമാർ

■ ജോർജ് തഴക്കര

**നാ**ടകനടൻ, സിനിമ നടൻ, ഗാനരചയിതാവ്, സംവിധായകൻ, ഹിറ്റ് മേക്കർ എന്നീ നിലകളിൽ മലയാള സിനിമാലോകത്ത് അവിസ്മരണീയ മുദ്ര പതിപ്പിച്ച വ്യക്തിയാണ് ശശികുമാർ.

1927 ഒക്ടോബർ 14ന് ആലപ്പുഴ പൂന്തോപ്പിൽ വിജയദശമി ദിനത്തിൽ ജനിച്ചു. അച്ഛൻ നമ്പിയത്തു ശ്ശേരിൽ വർക്കി. അമ്മ മറിയാമ്മ. എട്ടുമക്കളിൽ മൂന്നാമനായിരുന്നു വക്കച്ചൻ എന്ന ഓമനപ്പേരുള്ള വർക്കി ജോൺ.

**ക്രി**സ്മസ് ദിനം വരാറായി. നാട്ടിൽ പോകണം. വെറും കൈയ്യോടെ ചെല്ലുന്നതെങ്ങനെ. മറ്റൊരു പടത്തിന്റെ ആലോചന നടക്കുന്നുവെന്നും വരാൻ കഴിയുകയില്ലായെന്നും എഴുതിയ കത്തിലെവിടെയോ യാഥാർത്ഥ്യങ്ങൾ മറഞ്ഞുകിടക്കുന്നത് ഭാര്യ ത്രേസ്യാമ്മ കണ്ടെത്തി.

‘ധൈര്യം വിടരുത്... തോറ്റു എന്നു വിചാരിക്കരുത്. എന്റെ പ്രാർത്ഥന കൂടെയുണ്ട്. മാതാവ് കൈവിടില്ല’. മറുപടിക്കത്ത് ആശ്വാസത്തിന്റെ പിടിവള്ളിയായി. അവസാനശ്രമം എന്ന നിലയിൽ മറ്റൊരു ചിത്രമെടുത്തു. കുട്ടിക്കാലത്ത് അമ്മ പറഞ്ഞ കഥയാണ്. പുതുമയുള്ള കഥയും കഥാസന്ദർഭങ്ങളും ഇണക്കിച്ചേർത്ത സിനിമ. വയലാറിന്റെ വരികൾക്ക് ദേവരാജൻ സംഗീതം പകർന്നു. ‘കുട്ടനാടൻ പുഞ്ചയിലെ...’ എന്ന ഗാനം ഗൃഹാതുരതയുണർത്തുന്നതായിരുന്നു. ഒരുപാട് നല്ല വശങ്ങൾ ഉണ്ടായിരുന്നിട്ടും ‘കാവാലം ചുണ്ട’നും പരാജയം ഏറ്റുവാങ്ങി.

കണക്കുകൂട്ടലുകൾ തെറ്റി. ശരിയെന്നു കരുതിയത് കാഴ്ചക്കാർ നിരാകരിച്ചു. പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. മദ്രാസ് വിടുവാൻ തീരുമാനിച്ചു. നിരാശിതനായി കിടക്കുന്ന ആ ഉച്ചനേരത്തിലേക്ക് പ്രേംനസീർ കടന്നുവന്നു. ശശികുമാർ പൊട്ടിക്കരഞ്ഞു.

‘എഴുന്നേൽക്കൂ... കുളിച്ചുവരൂ.. എനിക്കും വിശക്കുന്നു...’

ഇരുവരും ഒന്നിച്ചിരുന്നു ആഹാരം കഴിച്ചു.

‘ജയിംസ് ബോണ്ട് സിനിമ ഞാൻ കണ്ടു. അതൊന്നു കാണണം. എന്നിട്ട് ചുവടൊന്നു മാറ്റി ചവിട്ടണം.. പരാജിതനായി എന്ന തോന്നൽ മാറണം.’

ആശ്വാസത്തിന്റെ കുളിർക്കാറ്റായിരുന്നു ആ വാക്കുകൾ. ജെയിംസ് ബോണ്ട് സിനിമ കണ്ടു. യുക്തിക്കു നിരക്കാത്ത ഒരുപാട് കാര്യങ്ങൾ കൂട്ടിച്ചേർത്തുള്ള ഒരു ചിത്രം. പിടിച്ചുനിൽപ്പാണ് പ്രധാനം. അവിടെ യുക്തിയും അയുക്തിയും എന്നൊന്നില്ല.

എഴുത്തുകാരനായി മദ്രാസിലെത്തിയ കെ.പി.കൊട്ടാരക്കര ഒന്നുരണ്ടു ചിത്രങ്ങളിൽ അഭിനയിച്ചപ്പോൾ അതിൽ ശശികുമാറും ഉണ്ടായിരുന്നു. പ്രേംനസീറിന്റെ പ്രേരണയിൽ കെ.പി.കൊട്ടാരക്കര നിർമ്മാതാവായി. ശശികുമാർ സംവിധായകനും. അതുവരെ മലയാളത്തിൽ ഇറങ്ങാത്ത ഒരു ചിത്രം രൂപപ്പെട്ടു. ‘ലൗവ് ഇൻ കേരള’ (1968). തന്റെ സുഹൃത്തും നാടകക്കമ്പനി നടത്തി നഷ്ടത്തിൽ കാലം കഴിയ്ക്കുന്ന ജോസ് പ്രകാശിനെയും ചിത്രത്തിൽ ഉൾപ്പെടുത്തി. പത്ത് പ്രിന്റുകളിലായി ഇറങ്ങിയ ആദ്യത്തെ മലയാള ചലച്ചിത്രമായ ‘ലൗവ് ഇൻ കേരള’ റിലീസായി. ‘ഈ തൊട്ടിപ്പടം സംവിധാനം ചെയ്തവനെ തിരണ്ടിവാലുകൊണ്ട് അടിക്കണം.’ പഴവിള രമേശന്റെ രൂക്ഷവിമർശനം.

ചിത്രം പ്രേക്ഷകർ ഏറ്റുവാങ്ങി. തിയറ്ററുകൾ ഹൗസ്ഫുള്ളായി. കോട്ടയത്തെ ഒരു തീയറ്ററിൽവച്ച് ശശികുമാർ തന്റെ ചിത്രം കണ്ടു. ചിത്രമായിരുന്നില്ല, പ്രേക്ഷകരെയായിരുന്നു കണ്ടിരുന്നത്. ആർപ്പുവിളികൾ, പുരുഷന്മാർ ഷർട്ടൂരി ആകാശത്തേക്കു വീശുന്നു, വിസിലടി. ശശികുമാറിന്റെ മനസ്സ് കുളിർത്തു. സിനിമ കഴിഞ്ഞപ്പോൾ പ്രൊജക്ടർ ഇരിക്കുന്ന മുറിയിലേക്ക് ചെന്നു. ‘സാറെ എത്ര നാളായി തിയറ്റർ ഇതുപോലെ നിറഞ്ഞിട്ട്. ഇത്തരം പടമാണ് നമുക്കുവേണ്ടത്.’

സ്വപ്നം പോലെ മോഹിപ്പിക്കുകയും വിസ്മയിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ നൽകുകയും ചോദ്യം ചോദിക്കാനുള്ള അവസരം നല്കാതെ സംഭവങ്ങളുടെ വർണ്ണക്കാഴ്ചയും നൽകിയാൽ പ്രേക്ഷകർ അത് സ്വീകരിക്കുമെന്നു മനസ്സിലാക്കി. യാഥാർത്ഥ്യങ്ങൾക്കോ യുക്തിയ്ക്കോ പ്രേക്ഷകർ പ്രാധാന്യം നൽകുന്നില്ലായെന്നു തിരിച്ചറിഞ്ഞു. ഇത്തരത്തിലുള്ള ഫോർമുലയാണ് സിനിമയ്ക്ക് ആവശ്യമെന്ന് ശശികുമാർ നിശ്ചയിച്ചു.

സങ്കല്പ സിനിമയും കൊട്ടക സിനിമയും തമ്മിലുള്ള അകലത്തെക്കുറിച്ച് ശശികുമാർ തികച്ചും ബോധവാനായി. സങ്കല്പത്തിന്റെ തേരിലേറി പണം മുടക്കുന്നവനെ വഴിയാധാരമാക്കുവാൻ തനിക്കാവില്ലായെന്നു ശശികുമാർ നിശ്ചയിച്ചുറച്ചു.

വെളുത്ത കത്രീന(1968), വിദ്യാർത്ഥി (1986)എന്നീ ചിത്രങ്ങൾ വിജയവഴികളൊരുക്കി. റെസ്റ്റ് ഹൗസിലൂടെ (1969) മലയാള സിനിമയിലെ ഹിറ്റ് മേക്കറായി മാറി.

പിന്നീട് ഒരു വർഷം ഒന്നിലധികം സിനിമകൾ സംവിധാനം ചെയ്തുകൊണ്ട് ശശികുമാർ തന്റെ വിജയയാത്ര തുടർന്നു. രസച്ചരടിനെ അവസാനം വരെയും നിലനിർത്തിക്കൊണ്ടുള്ള സംവിധാനരീതിയായിരുന്നു ആവിഷ്കരിച്ചിരുന്നത്. നൂറ്റിനാല്പതോളം ചിത്രങ്ങൾ സംവിധാനം ചെയ്ത ദക്ഷിണേന്ത്യയിലെ ഏക സംവിധായകൻ ശശികുമാറാണ്. 1975ൽ പത്തു ചിത്രങ്ങളും; 1977ൽ പതിനഞ്ചു ചിത്രങ്ങളും സംവിധാനം ചെയ്തു റിക്കാർഡിട്ടു.

ചിത്രനിർമ്മാണവുമായി ബന്ധപ്പെട്ട സമഗ്രമായഅറിവ് ഉണ്ടായിരുന്നു. നിർമ്മാതാവിന്റെ സാമ്പത്തിക ഭദ്രതയെക്കുറിച്ച് അറിഞ്ഞിരുന്നു. ബജറ്റിൽ ഒതുങ്ങുന്ന നിർമ്മാണമായിരുന്നു നടത്തിയിരുന്നത്. ഡേറ്റിനുള്ളിൽ ചിത്രം പൂർത്തിയാക്കും. നടീനടന്മാരുടെ സമയം പരമാവധി പ്രയോജനപ്പെടുത്തും. ഏകോപനത്തിൽ അസാമാന്യമായി മികവു പുലർത്തി. സ്വതന്ത്ര സംവിധാനത്തിലേക്ക് സഹസംവിധായകരെ നയിച്ചു.

പിക്നിക് എന്ന ചിത്രത്തിനു ഗാനങ്ങൾ എഴുതിയത് ശ്രീകുമാരൻ തമ്പിയാണ്. ‘വാൽ കണ്ണെഴുതി വനപുഷ്പം ചൂടി...’ എന്ന ഗാനത്തിന് എം.കെ അർജ്ജുനനെക്കൊണ്ട് പല പ്രാവശ്യം ട്യൂൺ ചെയ്പ്പിച്ചു. പന്ത്രണ്ടാം പ്രാവശ്യവും ഇഷ്ടപ്പെടാതിരുന്നപ്പോൾ ‘ഇനി വയ്യ’ എന്നു പറഞ്ഞുകൊണ്ട് അർജ്ജുനൻ പിൻമാറി. പിറ്റേദിവസം സ്നേഹപൂർവ്വം വിളിച്ചുവരുത്തി. വീണ്ടും ട്യൂൺ നൽകിയപ്പോൾ ‘ഇതാണ്’ വേണ്ടതെന്ന് പറഞ്ഞ് അഭിനന്ദിച്ചു. ശ്രീകുമാരൻ തമ്പി- അർജ്ജുനൻ കൂട്ടുകെട്ട് അവിടെനിന്നും തുടങ്ങുന്നു.

ദീപക് കമ്പയിൻസ് നിർമ്മിച്ച ചില ചിത്രങ്ങളുടെ സംഗീതസംവിധാനം നിർവ്വഹിച്ചിരുന്നത് എം.കെ.അർജ്ജുനനായിരുന്നു. ഗുരുവായ ദേവരാജൻ മാഷിന്റെ സഹായത്താലാണ് സംഗീതനിർവ്വഹണം നടത്തുന്നതെന്ന ആരോപണം ഉണ്ടായി. കമ്പനിയുടെ ഓഫീസിൽവെച്ച് സംഗീത നിർവ്വഹണം നൽകണമെന്ന് നിർദ്ദേശിച്ചപ്പോൾ അത് എം.കെ.അർജ്ജുനന് അവമാനമായി. ‘എം.കെ.അർജ്ജുനൻ’ എന്ന സംഗീതസംവിധായകനെ തിരിച്ചറിയുന്ന കാലം വരുന്നതേയുള്ളു’ എന്നു പറഞ്ഞുകൊണ്ട് ശശികുമാർ രക്ഷാകവചം തീർത്തു. എം.കെ.അർജ്ജുനന്റെ തീരുമാനപ്രകാരം ശശികുമാറിന്റെ സാന്നിദ്ധ്യത്തിലാണ് സംഗീത നിർവ്വഹണം നടത്തിയത്.

‘പെൺമക്കൾ’ എന്ന ചിത്രത്തിലൂടെ ജയഭാരതിയേയും, ‘ചട്ടമ്പികല്യാണി’ എന്ന ചിത്രത്തിലൂടെ ജഗതി ശ്രീകുമാറിനെയും വെള്ളിത്തിരയിലെത്തിച്ചത് ശശികുമാറായിരുന്നു. ചൂള എന്ന ചിത്രത്തിലൂടെ കുളത്തൂപ്പുഴ രവി എന്ന ഡബ്ബിംഗ് ആർട്ടിസ്റ്റിന് സംഗീത സംവിധായകൻ എന്ന തട്ടകം ഒരുക്കിക്കൊടുത്തതും ശശികുമാറാണ്. കവിയൂർ പൊന്നമ്മ, വിജയശ്രീ, വിൻസന്റ്, കുഞ്ചൻ, ശാരദ, വിധുബാല, ശോഭ എന്നിവർക്ക് അഭിനയഭാവത്തിന്റെ വിജയമുഹൂർത്തങ്ങൾ പകർന്നു നൽകുവാനും അവസരമൊരുക്കി.

പ്രേംനസീറിനെ നായകനാക്കി എൺപത്തിനാലു ചിത്രങ്ങളാണ് ശശികുമാർ സംവിധാനം ചെയ്തത്. പ്രേംനസീർ ഷീല ജോഡികളെ 47 ചിത്രങ്ങളിൽ ഒരുമിച്ച് അഭിനയിപ്പിച്ചു ഏറ്റവും വലിയ താരജോടികളാക്കി. കെ.കെ.അരൂർ (ബാലൻ) തുടങ്ങി മമ്മൂട്ടി വരെയുള്ള അഞ്ചുതലമുറകളെ തന്റെ സിനിമാ ജീവിതത്തിലൂടെ ചേർത്തുനിർത്തി. നെഗറ്റീവ് റോളിൽ നിന്നും മോഹൻലാലിനു മോചനം നൽകിയത് ‘ആട്ടക്കലാശ’മാണ്. അസിസ്റ്റന്റായിരുന്ന പി.ജി.വിശ്വംഭരന് സംവിധായകനാകാനുള്ള അവസരം സൃഷ്ടിച്ചു.

ഇഷ്ടപ്പെട്ട ചലച്ചിത്രമായ ‘തൊമ്മന്റെ മക്കൾ’ പത്തൊമ്പതു വർഷത്തിനുശേഷം ഹൈന്ദവപശ്ചാത്തലത്തിൽ ‘സ്വന്തമെവിടെ ബന്ധമെവിടെ’ (1987) എന്ന പേരിൽ വീണ്ടും സംവിധാനം ചെയ്തു.

ശശികുമാറും പ്രേംനസീറും കൂടിച്ചേർന്ന് ഒരു പദ്ധതിയാരംഭിച്ചു. പടമെടുത്തു പൊട്ടി നിൽക്കുന്ന നിർമ്മാതാക്കൾക്ക് ആശ്വാസം പകരുന്നതിന്റെ ഭാഗമായി ചെറിയ ബജറ്റിൽ ചിത്രങ്ങളെടുത്ത് അവരെ പിടിച്ചുനിർത്തുവാനുള്ള പരിപാടിയായിരുന്നു അത്.

1994ൽ അമേരിക്കൻ മലയാളിയായ രാജു ജോസഫ് നിർമ്മിച്ച ഡോളറാണ് അവസാനം സംവിധാനം ചെയ്ത് റിലീസായ ചിത്രം. ഒടുവിൽ സംവിധാനം ചെയ്ത ‘തീരത്തിനറിയുമോ തിരയുടെ വേദന’ നിർമ്മാതാക്കളുടെ തർക്കം മൂലം തിയറ്ററുകളിലെത്തിയില്ല.

1995ൽ സിനിമാമേഖലയിൽ നിന്നും ശശികുമാർ സ്വയം വിരമിച്ചു. 2008വരെ മകനോടൊപ്പം മദ്രാസിൽ താമസിച്ചു. മകന്റെ മരണത്തെ തുടർന്ന് ശശികുമാർ നാട്ടിലെത്തി. 2013ൽ കോട്ടയത്ത് വച്ച് മൂന്നു തലമുറകൾ കൂടിച്ചേർന്നൊരുക്കിയ കുടുംബാംഗങ്ങളുടെ ‘സ്നേഹസംഗമ’ത്തിൽ പങ്കെടുത്തു. രോഗാവസ്ഥയിലായിരുന്നിട്ടും പ്രേംനസീറിന്റെ ഇരുപത്തിയഞ്ചാം ചരമവാർഷികത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ പേരിലുള്ള പുരസ്കാരം സ്വീകരിച്ചു.

മദ്രാസിൽ നടന്ന ഇന്ത്യൻ സിനിമയുടെ നൂറാം വാർഷികാഘോഷത്തിൽ പങ്കെടുക്കാനുള്ള ക്ഷണം ലഭിച്ചുവെങ്കിലും അന്നേദിവസം ജന്മനാട്ടിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തുകൊണ്ട് പ്രഥമ തിലകൻ പുരസ്കാരം ഏറ്റുവാങ്ങി.

2013ൽ കേരള സർക്കാർ ജെ.സി.ദാനിയേൽ പുരസ്കാരം നൽകി ആദരിച്ചു. ആ അവാർഡ് പ്രേംനസീറിനു വേണ്ടി സമർപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ട് നടത്തിയ പ്രസംഗം ചലച്ചിത്ര വ്യവസായത്തെ മുൻനിർത്തിയുള്ളതായിരുന്നു. സദസ്സിലുണ്ടായിരുന്ന പഴവിള രമേശൻ താൻ വർഷങ്ങൾക്കു മുമ്പു നടത്തിയ നിശിതവിമർശനത്തിന്റെ പേരിൽ ശശികുമാറിനോട് പരസ്യമായി മാപ്പു പറഞ്ഞ സന്ദർഭം കൂടിയായിരുന്നു അത്.

രണ്ടര പതിറ്റാണ്ടുകാലം ചലച്ചിത്രവ്യവസായത്തെ പരിപോഷിപ്പിച്ച ‘ഹിറ്റുകളുടെ രാജകുമാരൻ’ വർക്കി ജോൺ എന്ന ശശികുമാർ 86-ാം വയസ്സിൽ, 1914 ജൂലൈ 17ന് എറണാകുളത്ത് അന്തരിച്ചു. ജന്മനാടായ തത്തംപള്ളി സെന്റ് മൈക്കിൾസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. ഏറ്റവും തിളക്കമുള്ള സംവിധായകനായിരുന്ന ശശികുമാർ മലയാള സിനിമയുടെ വസന്തകാലത്തെ വരവേൽക്കുക എന്ന ദൗത്യമായിരുന്നു തന്റെ ജീവിതം കൊണ്ട് സഫലമാക്കിയത്.

ഗദ്യപരിഭാഷ **ശൂരനാട് രവി**

# രൈവതാപദാനം

മൂല കാവ്യം: ബോധി സത്വാപദാനകല്പലത
കവി: ക്ഷേമേന്ദ്രൻ– 11–ാം നൂറ്റാണ്ട് (കാശ്മീരി കവി)



**കാ**ശ്മീരിൽ രൈവതൻ എന്ന പേരിൽ ഒരു ഭിക്ഷു ഉണ്ടായിരുന്നു. വളരെ ദയാപരൻ. വ്രതശുദ്ധിയുള്ളവൻ. സത്യത്തിലും അഹിംസയിലും സാഹോദര്യത്തിലും ഉറച്ച വിശ്വാസമുള്ളവൻ.

ഏകാന്തതമായ ഒരു കാട്ടിൽ വെച്ച് രൈവതന് ഒരിക്കൽ ഉടുത്ത മരവുരി അഴുക്കുള്ളതായി തോന്നി. ഒന്ന് പുഴുങ്ങി ഉണക്കിയെടുത്താൽ അഴുക്കെല്ലാം പോകും. കുടം നിറയെ ആറ്റിലെ തെളിനീർ ശേഖരിച്ച് അതിൽ ചീവരം ഇട്ട് തിളപ്പിച്ചു.

ക്വാഥകുംഭത്തിലെ വെള്ളം തിളക്കാൻ കുറെ ഏറെ വിറകെരിക്കേണ്ടിവന്നു. കാട്ടിൽ വിറകിന് ക്ഷാമമില്ലല്ലോ. അടുപ്പിലെ തീപ്പുക ആകാശത്തേക്കുയർന്നു.

പിശുനൻ എന്ന ബ്രാഹ്മണൻ ഈ തീപ്പുക കണ്ട് അങ്ങോട്ട് ചെന്നു. അതിനൊരു കാര്യമുണ്ട്. കാട്ടിൽ മേയാൻ പോയ കാലികളിൽ ഒന്നിനെ കാണാതായി. ആ പശുവിനെ ആരോ കൊന്ന് ഇറച്ചി പാകം ചെയ്യുകയാണ്. പിശുനൻ അങ്ങനെ വിചാരിച്ചു. അവൻ കുറെ ആളുകളും ആയുധങ്ങളുമായാണ് അങ്ങോട്ട് ചെന്നത്.

‘ഹേ മഹർഷിവര്യാ... അങ്ങ് എന്താണ് ചെയ്യുന്നത്?’ പിശുനന്റെ ചോദ്യം ഒരു കളിയാക്കലായിരുന്നു.

‘ആര്യൻ എന്താണ് ഈ മലയിൽ ഒറ്റയ്ക്കിരുന്നു പാകം ചെയ്യുന്നത്?’ മറ്റുള്ളവർ കളിയാക്കി.

‘ഉടുക്കാനുള്ള ചീവരത്തിൽ മണ്ണു പുരണ്ടു. അതൊന്ന് പുഴുങ്ങി അലക്കുകയാണ്’. രൈവതൻ സത്യം മാത്രം പറയുന്നവനാണല്ലോ.

‘ഞങ്ങൾക്ക് നിന്റെ കള്ളത്തരം വിശ്വസിക്കാൻ കഴിയുന്നില്ല.’ പിശുനൻ ആക്രോശിച്ചു.

‘കള്ളത്തരം ഒരിക്കലും വിശ്വസിക്കരുത്. സത്യം മാത്രം. വിശ്വസിക്കുക’ വളരെ വിനയത്തോടെ രൈവതൻ പറഞ്ഞു.

‘നീ പശുവിനെ കൊന്ന് വേവിക്കുകയല്ലേ... രാത്രിയിൽ ഒറ്റക്കിരുന്ന് തിന്നാൻ. മുനി. താപസൻ. ഇതെന്താടാ പൂച്ച സന്യാസി’ പിശുനൻ വളരെ ഉച്ചത്തിൽ ആക്രോശിച്ചു.

‘ഞാൻ ഉടുചീവരം പുഴുങ്ങി അലക്കുകയാണ്. നോക്കൂ. ഞാനെന്തിനു നിസ്സാരപ്പെട്ട കാര്യത്തിനു കള്ളം പറയണം. നോക്കൂ... ’ രൈവതൻ പറഞ്ഞു.

‘നോക്കൂ.. നോക്കൂ... കലത്തിലേക്ക് നോക്കൂ..’

എല്ലാവരും തിളക്കുന്ന പാത്രത്തിലേക്ക് നോക്കി. പശുവിന്റെ തലയും കാലും മാംസളങ്ങളായ ഭാഗങ്ങളും വെള്ളത്തിൽ വെട്ടിത്തിളയ്ക്കുന്നു. കുറെയേറെ വെന്തിട്ടുമുണ്ട്. രക്തം വെള്ളത്തിൽ വെന്തുകുറുകുന്നു.

ധർമ്മം അധർമ്മമാകുന്നു. വിധിയുടെ വൈപരീത്യം എത്ര വിചിത്രം! ഇത് കഴിഞ്ഞ ജന്മത്ത് ചെയ്ത കർമ്മത്തിന്റെ ഫലമാണ്. കറുപ്പ് വെളുപ്പാകുന്നു. വെളുത്തത് കറുത്തതാകുന്നു. ധർമ്മം അധർമ്മമാകുന്നു.

ചീവരം ഗോമാംസമാകുന്നു. രൈവതൻ പാത്രത്തിലേക്ക് സൂക്ഷിച്ചു നോക്കി. ചീവരമല്ല. പിശുന ബ്രാഹ്മണന്റെ കാണാതായ പശുവിന്റെ മാംസം തന്നെ. ഒരു പശുവിനെ കൊല്ലാതെ താനൊരു പശുഘാതിയായിരിക്കുന്നു. ചെയ്യാത്ത കുറ്റം തെളിയുന്നത് കഷ്ടകാലത്താണ്. ജനങ്ങൾ കാരണമില്ലാതെ കോപിക്കുക, സ്ഥാനമാനങ്ങൾ കാരണമില്ലാതെ നഷ്ടപ്പെടുക, അംഗീകാരങ്ങൾ മാനിക്കപ്പെടാതിരിക്കുക. ഇതൊക്കെ ദുഷ്കൃത വിപാകത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളാണ്. പഴുതാര പാമ്പായിട്ടും പ്രത്യക്ഷപ്പെടും. അതും പുണ്യവിപാകമാണ്.

രൈവതൻ ഒന്നും ഉരിയാടിയില്ല. എന്താണ് മിണ്ടുക... പാത്രത്തിൽ ആറ്റിലെ തെളിനീർ കോരി അതിൽ തന്റെ ഉടുചീവരം പുഴുങ്ങുമ്പോൾ അതിന് ഇത്തരത്തിൽ ഒരു മാറ്റം വരും എന്ന ആര് വിചാരിക്കും?

ഇതു കാലദോഷമാണ്. അവതാരപുരുഷന്മാർക്കും കാലദോഷമുണ്ട്. അർക്കചന്ദ്രന്മാർക്കും കാലദോഷമുണ്ട്. ചെറിയ ദോഷങ്ങളും അന്ന് വലുതായി ഭൂതക്കണ്ണാടിയിലേതുപോലെ തെളിയും. ഗുണങ്ങൾക്കു മങ്ങൽ ഉണ്ടാകും. കാര്യങ്ങൾ തിരിഞ്ഞു മറിയും. വിവേകം നഷ്ടപ്പെടും. കഴിഞ്ഞ ജന്മദുഷ്കൃതങ്ങൾ അനുഭവിച്ചു തീരുമ്പോൾ അറിയാതെ ചില അടികൾ ശിരസ്സിൽ ഏല്ക്കും.

പിശുനബ്രാഹ്മണൻ മൂക്കു പൊത്തി. എന്തൊരു നാറ്റം. എന്തൊരു രൂക്ഷമായ മാംസഗന്ധം. പാത്രത്തിൽ മാംസമായി തീർന്ന ചീവരത്തെ അയാൾ വീണ്ടും വീണ്ടും നോക്കി. ഇതു തന്റെ പശുവിന്റെ മാംസം തന്നെ. കുറ്റക്കാരനെ കൈയോടെ പിടിക്കാൻ കഴിഞ്ഞത് എത്ര ഭാഗ്യമായിരിക്കുന്നു.

ബ്രഹ്മണന്റെ മുഖം വിറച്ചു. നാവിൽ ഒരു നേരത്ത് പല വാക്കുകൾ കടന്നുവന്നു.

കാട്ടിൽ വസിക്കുന്ന കള്ളൻ. ശരീരത്തിൽ പീതാംബരം. മ്ളേച്ഛന്റെ കയ്യിലിരുപ്പ്. ഇത് ആരും കാണുകയില്ലായില്ലെന്നായിരിക്കാം ഭാവം. ഏതായാലും കള്ള ഭിക്ഷുവിന്റെ ചെമ്പു തെളിഞ്ഞിരിക്കുന്നു. പശുവിനെ തിന്നുന്ന കള്ളൻ.

ദൈവശക്തിയുടെ മറിമായം കണ്ട് രൈവതൻ സ്വയം അത്ഭുതപരതന്ത്രനായി. തന്റെ നേര് മനസ്സിലാക്കാൻ ഒരുത്തൻ പോലും ഇവിടെ ഇല്ലാതായല്ലോ. ഇതു നാടിന്റെ പുണ്യദോഷമോ.. സ്വന്തം കർമ്മവിപാകമോ.

ഗുണത്തിൽ ദോഷം തെളിയുന്നു. പാലു കടയുമ്പോൾ കാകോളം തെളിയുന്നു. കാലം എന്ന ഇന്ദ്രജാലക്കാരന്റെ കരവേലകൾ അതീവ കൗതുകകരം തന്നെ.

പശുവിനെ നഷ്ടപ്പെട്ടതിൽ ഉണ്ടായ രോഷവും കള്ളഭിക്ഷുവിന്റെ കപടനാടകവും കണ്ടുണ്ടായ കോപവും അടക്കാൻ കഴിയാതെ പിശുനൻ കയ്യിലിരുന്ന വടികൊണ്ട് രൈവതന്റെ തലയ്ക്കടിച്ചു. തല പൊട്ടി രക്തം പുറത്തേക്ക് തെറിച്ചു.

അരുതെന്നു പറയുവാൻ തനിക്കുപോലും കഴിയാതെ രൈവതൻ വിങ്ങിപ്പൊട്ടി. തനിക്കുവേണ്ടി ഒരു നല്ലവാക്ക് ചെലവഴിക്കുവാൻ ആരുമില്ലാതായിപ്പോയല്ലോ. തന്റെ വാക്കുകൾപോലും തനിക്കു പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലല്ലോ. തന്നെപ്പറ്റിത്തന്നെ തനിക്ക് സംശയം ഉണ്ടാകുന്നു. പശുവിനെ താൻ മോഷ്ടിച്ചതാകുമോ?

രൈവതനെ അവർ കയറുകൊണ്ട് വരിഞ്ഞുകെട്ടി രാജകൊട്ടാരത്തിലേക്ക് കൊണ്ടുപോയി. കന്നിറച്ചി പാത്രത്തോടെ ഒരാൾ ചുമന്ന് കൊട്ടാരവാതുക്കൽ വച്ചു. കള്ളനേയും തൊണ്ടിസാധനവും രാജാവിന്റെ കാല്ക്കൽ സമർപ്പിച്ചു.

ശരിയാണ്. ഒരു വിചാരണയ്ക്കുപോലും സമയം ചെലവാക്കേണ്ട കാര്യമില്ല. കുറ്റം പകൽ സൂര്യനെപ്പോലെ തെളിഞ്ഞു നില്ക്കുന്നു.

തെറ്റ് ഒളിച്ചവൻ തെളിഞ്ഞു നില്ക്കുകയും നിർദ്ദോഷി കുറ്റക്കാരനാകുകയും ചെയ്യുന്നു. ആര് ആരുടെ കുറ്റം അറിയുന്നു. സാക്ഷികൾക്ക് എന്ത് സത്യം പറയാൻ കഴിയും.

ആനന്ദൻ എന്ന രാജാവ് രൈവതനെ തുറുങ്കിലടച്ചു. ഇയാൾ ഇരുണ്ട മുറിയിൽ കൈകാലുകൾ ഇരുമ്പു ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് ദിവസങ്ങളും മാസങ്ങളും തള്ളിനീക്കി. തന്റെ മനസ്സാക്ഷിയോടു മാത്രം ആത്മാർത്ഥമായി സംസാരിച്ചു. ഇവിടെ മനുഷ്യൻ എത്ര അർത്ഥശൂന്യൻ. ശരിയേത്.. തെറ്റേത്.

രാജാവ് രൈവതനെ മറന്നു. പിശുനന്റെ കാണാതായ പശു തിരികെ അയാളുടെ തൊഴുത്തിൽ ചെന്നു. അത് നല്ല പുല്ല് കണ്ട് കാട്ടിൽ ഒറ്റതിരിഞ്ഞു പോയതാണ്. തന്റെ പശു തിരികെ വന്നിട്ടും പിശുനൻ രൈവതനെ മറന്നു. ക്രൂരമായ മറവി. വർഷം പന്ത്രണ്ട് കഴിനഞ്ഞു. വ്യാഴം സൂര്യനെ ഒന്ന് വലം വച്ചു. കുറിഞ്ഞിപ്പൂക്കൾ വീണ്ടും കണ്ണു തുറന്നു. നിലക്കടലകൾക്ക് ഏറെ വിത്തുകൾ പൊട്ടി. പക്ഷേ, രാജാവ് രൈവതനെ മറന്നു. കെട്ടിയിട്ടിരിക്കുന്ന കന്നിനെ മറക്കുന്ന ഗൃഹനാഥനുള്ള വീടും തുറുങ്കിൽ ഇട്ടിരിക്കുന്ന കുറ്റവാളിയെ മറക്കുന്ന നൃപനുള്ള രാജ്യവും ശപിക്കപ്പെട്ടതാണ്.

ആരാലും ശ്രദ്ധിക്കപ്പെടാതെ രൈവതൻ പന്ത്രണ്ടു വർഷം തുറുങ്കിൽ കിടന്നു. ദിവസങ്ങൾ ചെല്ലുമ്പോൾ ആരെങ്കിലും ഓർത്താൽ അല്പം ഭക്ഷണം കിട്ടിയിരുന്നു. കുളിക്കാൻ കഴിഞ്ഞില്ല. തലമുടി ഉണങ്ങി ചുരുണ്ട് ചെമ്പിച്ചു. ശരീരം വെറും അസ്ഥിമാത്രമായി. ഒരു മനുഷ്യരൂപം എന്നു പറയാനാവാത്ത രീതിയിൽ രൂപം ആകെ മാറി. തനിക്കൊരു തുണിപോലും കൊടുക്കാൻ ആരുമില്ല.

ദയനീയമായ ഈ കാഴ്ച ഏതോ അനുകമ്പയുള്ളവരായ ഭൃത്യന്മാരുടെ ശ്രദ്ധയിൽപ്പെട്ടു. അവർ രാജാവിനെ വിവരം അറിയിച്ചു. രാജാവ് രൈവതനെ വിട്ടയച്ചു. ഒരു പ്രേതംപോലെ രൈവതൻ എങ്ങോട്ടോ നടന്നുപോയി. കാറ്റത്തു പറന്നുപോകുന്ന അപ്പൂപ്പൻതാടിപോലെ. അതിൽ രക്തമയമില്ലായിരുന്നു.

കർമ്മവിപാകത്തിന്റെ കടുത്ത ശിക്ഷാവിധികൾ കല്ലിൽ കുറിച്ചിട്ട വാക്കുകളാണ്. വിവേകശാലിയും ശുദ്ധനുമായ രൈവതനെ പാപം പിന്തുടർന്നതു കണ്ട് രാജാവ് വളരെ ചിന്തിച്ചു. ആനന്ദഭൂപന്റെ നെഞ്ചിൽ കുറ്റബോധം നിലാവേറ്റ് ചട്ടിയിൽ പൊരിയുന്ന മലരുപോലെ വെടിച്ചുകീറി. തന്റെ തടവറയിൽ പന്ത്രണ്ടു വർഷം മറക്കപ്പെട്ട് കിടന്ന കുറ്റം ചെയ്യാത്ത ആ കുറ്റവാളിയെക്കുറിച്ച് ഓർത്ത് രാജാവ് രൈവതന്റെ പിന്നാലെ ഓടിച്ചെന്നു. ആനന്ദൻ ഉറക്കെ വിളിച്ചു.

‘ദോ രൈവതാ... മഹാത്മാവേ.. നില്ക്കൂ.. ’ മനുഷ്യന്റെ ഭാഷപോലും മറന്ന ആ പ്രേതരൂപം നിന്നില്ല. മുടി കാറ്റിൽപ്പറത്തി ആ അസ്ഥികൂട് അകലേക്ക് അതിവേഗത്തിൽ നടന്നകന്നു.

ആനന്ദൻ പിന്തിരിഞ്ഞില്ല. വളരെ വേഗത്തിൽ മുമ്പിൽ ചെന്നുനിന്നു. തന്റെ മേലങ്കി എടുത്ത് ആ പാദങ്ങളിൽ ഇട്ടുകൊണ്ട് കരഞ്ഞുപറഞ്ഞു. ‘പ്രഭോ ക്ഷമിക്കണം. അറിയാതെ ചെയ്ത കുറ്റം ക്ഷമിച്ചതായിട്ട് ഒന്നു പറയൂ..’ വീണ്ടും ആനന്ദൻ എന്തൊക്കെയോ പറഞ്ഞു.

ആ പശു തിരികെ വന്നു. ആ ബ്രാഹ്മണൻ എന്നെ തെറ്റിദ്ധരിപ്പിച്ചതാണ്. അങ്ങയെ തുറുങ്കിൽ അടച്ച കഥതന്നെ ഞാൻ മറന്നുപോയി. അതെന്റെ മഹാപാപമായി ഞാൻ കരുതുന്നു. ഞാൻ അങ്ങയെ ശരിക്ക് മനസ്സിലാക്കിയില്ല. രാജാവിനു തെറ്റ് പറ്റിയാൽ നിർദ്ദോഷികൾ കുറ്റവാളികളാകും. എന്നോട് ക്ഷമിച്ചതായി പറയൂ. ആ വാക്കുകൾ കേട്ട് എന്റെ നെഞ്ച് തണുക്കട്ടെ’

രൈവതൻ തന്റെ കാലിൽ പൊതിഞ്ഞ രാജാവിന്റെ മേലങ്കി എടുത്ത് തിരികെക്കൊടുത്തു കൊണ്ടു പറഞ്ഞു.

‘മഹാരാജാവേ, എനിക്കു അങ്ങയോട് പരിഭവമില്ല.’ ദുഃഖിതന്റെ വാക്കുകളുടെ അർത്ഥവ്യാപ്തി വലുതാണ്.

അങ്ങ് എന്നെ ഇതുവരെ ദ്രോഹിച്ചിട്ടില്ല. എനിക്കു വന്നുചേർന്നത് എന്റെ കർമ്മവിപാകത്തിന്റെ കയ്പുഫലമാണ്. ഓർക്കാതെ ആപത്ത് വന്നു ചേരുന്നതും സമ്പത്ത് അപ്രതിക്ഷീതമായി വർദ്ധിക്കുന്നതും നീണ്ടനാളത്തെ കാരാഗൃഹവാസവും സ്വച്ഛന്ദമായ സഞ്ചാരവും കർമ്മഫലങ്ങളാണ്. അല്ലാതെ മറ്റാരും അടിച്ചേല്പിക്കുന്നതല്ല.’ മുനിയുടെ വാക്കുകൾ കേട്ടിട്ട് ആനന്ദഭൂപൻ മുനിയോടായി ചോദിച്ചു.

‘എന്ത് ദുഷ്കർമ്മത്തിന്റെ ഫലമാണ് അങ്ങ് ഇപ്പോൾ അനുഭവിക്കുന്നത്. ദയവായി പറഞ്ഞുതന്നാലും.’ മുനി പറഞ്ഞു.

‘മഹാരാജൻ, കഴിഞ്ഞ ജന്മത്ത് ഞാൻ കാശിയിൽ കഠൻ എന്ന പേരിൽ ഒരു പശുക്കള്ളനായി ജനിച്ചു. പശുക്കളെ മോഷ്ടിച്ചുകൊണ്ടു വന്ന് കൊന്നുതിന്നുക അന്ന് എന്റെ പതിവുപ്രവൃത്തിയായിരുന്നു. ഒരിക്കൽ ഞാൻ ഒരു പശുവിനെ മോഷ്ടിച്ചു കൊന്ന് അതിന്റെ മാംസവുമായി പോകുമ്പോൾ ഉടമസ്ഥൻ ആളുകളെക്കൂട്ടി എന്റെ പിന്നാലെ ഓടി. ഞാനും അതിവേഗത്തിൽ ഓടി. ഓട്ടത്തിൽ ഞാനായിരുന്നു വിജയിച്ചത്. ഒടുവിൽ ധ്യാനനിരതനായിരുന്ന പ്രത്യേക ബുദ്ധന്റെ മുമ്പിൽ മാംസം വച്ചിട്ട് ഞാൻ പറഞ്ഞു:

ഇതാ ഈ മനുഷ്യനാണ് പശുവിനെ കൊന്നത്. ഇവൻ കള്ളൻ. മിണ്ടാതിരിക്കുന്നത് കണ്ടില്ലേ.’

പ്രത്യേക ബുദ്ധൻ മൗനധ്യാനത്തിലായിരുന്നു. അദ്ദേഹം ഇതൊ ന്നും അറിഞ്ഞതേയില്ല.

ഗോപന്മാർ പ്രത്യേക ബുദ്ധനെ കയറുകൊണ്ട് കെട്ടി തടവിലാക്കി. അങ്ങനെ ഞാൻ രക്ഷപ്പെട്ടു.

പക്ഷേ മനസ്സിനകത്തൊരു കുത്ത്. കുറ്റം ചെയ്യാത്തവനെ അതും പ്രത്യേക ബുദ്ധനെ മനസ്സാക്ഷിക്കു വിരുദ്ധമായി, തല്ക്കാല രക്ഷക്കുവേണ്ടി കുറ്റവാളിയാക്കി. ഉറക്കം വന്നില്ല. ആറുനാൾ കഴിഞ്ഞു. ഒന്നു ചെന്നു കണ്ടു കുറ്റം ഏറ്റുപറയാം. പന്ത്രണ്ടു നാൾ കഴിഞ്ഞു. നേരേ ചെന്ന് കുറ്റം ഏറ്റുപറഞ്ഞു.

‘ഭഗവാനേ ഞാനാണ് പശുവിനെ കട്ട് കൊന്നത്. അങ്ങയെ മോചിപ്പിക്കുന്നു.’

ജന്മങ്ങൾ കഴിഞ്ഞു. അതിന്റെ പാതകം ഞാൻ ഇപ്പോൾ അനുഭവിക്കുന്നു. എന്റെ കർമ്മഫലംതന്നെ. പന്ത്രണ്ട് സംവത്സരം ചെയ്യാത്ത കുറ്റത്തിന് കാരാഗൃഹവാസം സഹിക്കേണ്ടിവന്ന കഥ രൈവതൻ പറഞ്ഞുതീർത്തു.